അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്ത്
പതിനാലാം പഞ്ചവത്സര പദ്ധതി
(2022–2027)



വികസന രേഖ

ആമുഖം

പശ്ചിമ ഘട്ടത്തിൽ നിന്നും ഉത്ഭവിച്ച് മലപ്പുറം ജില്ലയുടെ വിവിധ പഞ്ചായത്ത് പ്രദേശങ്ങളിലൂടെ ഒഴുകി അറബിക്കടലിൽ ചേരുന്ന കടലുണ്ടിപ്പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന അബ്ദുറഹിമാൻ നഗർ ഗ്രാമ പഞ്ചായത്ത് കൊടുവായൂർ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇന്ത്യൻ സ്വാതന്ത്ര സമരത്തിൽ പങ്കെടുത്ത് ഒട്ടനവധി വ്യക്തികളുടെ ചരിത്രം ഉറങ്ങിക്കിടക്കുന്ന ചരിത്ര പശ്ചാത്തലമുള്ള ഒരു ഗ്രാമമാണ് അബ്ദുറഹിമാൻ നഗർ ഗ്രാമ പഞ്ചായത്ത്. മമ്പുറം, കൊടുവായൂർ, പുകയൂർ എന്നീ മൂന്ന് ദേശങ്ങളാണ് പ്രധാനമായും ഈ പഞ്ചായത്തിലുള്ളത്.

1963 ഡിസംബർ നാലിനാണ് ഈ പഞ്ചായത്തിലേക്ക് ആദ്യമായി തെരെഞ്ഞെടുപ്പ് നടന്നത്. അന്ന് 7 മെമ്പർമാരായി തുടങ്ങിയ ഭരണ സമിതി 2017 വർഷത്തിൽ 21 മെമ്പർമാരുള്ള ഗ്രാമ പഞ്ചായത്തായി ഉയർന്നിരിക്കുന്നു. ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങൾ ഈ ഗ്രാമ പഞ്ചായത്തിലും വൻചലനങ്ങൾ ഉണ്ടാക്കി.

ഒരു കാർഷിക ഗ്രാമമായ ഈ പ്രദേശം അൽപം തെക്കോട്ട് ചെരിഞ്ഞ സമതല പ്രദേശമാണ്. ആകെ ഭൂമിയുടെ 25 % നെൽകൃഷിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നു. തെങ്ങ്, കമുങ്ങുമായിരുന്നു പ്രധാന പുരയിട കൃഷികൾ, ഇടവിളയായി വാഴ മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, ഇഞ്ചി, കുരുമുളക്, ജാതി തുടങ്ങിയവ കൃഷി ചെയ്യുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചായിരുന്നു ഈ പഞ്ചായത്തിലെ കൃഷികൾ അത്രയും. എന്നാൽ ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങൾ ഈ പഞ്ചായത്തിൽ കൃഷിയെയും കൃഷി സമ്പ്രദായത്തെയും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്.

കേരള സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2015 വർഷത്തിൽ തരിശുനില കൃഷിക്കുള്ള സംസ്ഥാനതല അവാർഡിൽ ഒന്നാം സ്ഥാനം ലഭിച്ചത് ഈ പഞ്ചായത്തിന്റെ കാർഷിക മേഖലക്ക് എടുത്തുപറയാവുന്ന ഒരു നേട്ടമാണ്.

കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ ചെറുതും വലുതുമായ ധാരാളം കുടിവെള്ള പദ്ധതികൾ ഉണ്ട്. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടിയുള്ള ഭീമൻ പദ്ധതിയായ ഏ ആർ നഗർ കുടിവെള്ള പദ്ധതി യാഥാർത്ഥമായിരിക്കുന്നു. ചെണ്ടപ്പുറായ കുടിവെള്ള പദ്ധതി, ചെങ്ങണാം കുന്ന് കുടിവെള്ള പദ്ധതി, കണ്ടംമാട് കുടിവെള്ള പദ്ധതി, എന്നീ കുടിവെള്ള പദ്ധതികളും നല്ല നിലയിൽ പ്രവർത്തിച്ച് വരുന്നു. ആരോഗ്യ മേഖലകളിലും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ

ഈ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കുന്നുംപുറം പിഎച്ച്സി, മമ്പുറം ആയുർ വേദ ആശുപത്രി, പുകയൂർ ഹോമിയോ ഡിസ്പെൻസറി എന്നിവ ഈ ഗ്രാമപഞ്ചായത്തിലെ ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ആണ്. കുന്നുംപുറം പ്രാഥമിക ആരോഗ്യ കേന്ദ്ര കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്ക് ആതുര ശുശ്രൂഷ രംഗത്ത് മാതൃകപരമായ നേട്ടങ്ങൾ കാഴ്ച വെക്കുന്നു. ഗ്രാമപഞ്ചായത്ത് നേതൃത്വത്തിൽ പരിരക്ഷ പദ്ധതി നടപ്പാക്കി വരുന്നു.

മൃഗസംരക്ഷണ രംഗത്ത് കുന്നുംപുറം മൃഗാശുപത്രി വികെപടി ഐസിഡിപി സബ്സെന്റർ എന്നിവ പ്രവർത്തിച്ച് വരുന്നു.

വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റം വരുത്തുന്നതിന് കഴിഞ്ഞ 15 വർഷത്തെ പ്രവർത്തനങ്ങൾ കൊണ്ട് നമ്മുക്ക് കഴിഞ്ഞിട്ടുണ്ട്. ഒരു ഹയർസെക്കണ്ടറി സ്കൂൾ, രണ്ട് ഹൈസ്കൂൾ 3 യുപി സ്കൂൾ, 3 എൽ എൽപി സ്കൂൾ എന്നിവ ഗവൺമെന്റ്, എയ്ഡഡ് മേഖലകളിൽ ഈ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ നിരവധി അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും മികച്ച നിലവാരത്തോടുകൂടി പ്രവർത്തിച്ച് വരുന്നു. വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന ഏആർ നഗർ ജിയുപി സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭിച്ചു എന്നത് അഭിമാനകരമാണ്. സാമൂഹ്യക്ഷേമ രംഗം, കുടുംബശ്രീ പ്രവർത്തനം, സാക്ഷരത പ്രവർത്തനം എന്നീ മേഖലകളിലും കഴിഞ്ഞ കാലങ്ങളിൽ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

വൈദ്യുതി ഗതാഗത മേഖലകളിലും പഞ്ചായത്ത് പുരോഗതി കൈവരിച്ചിട്ടുണ്ട്. വൈദ്യുതി എത്താത്ത ഇടങ്ങൾ പഞ്ചായത്തിൽ ഇല്ലെന്ന് തന്നെ പറയാം. വേൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ ട്രാൻസ്ഫോർമറുകളും, ലൈനുകളും ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. നാഷ്ണൽ ഹൈവേ കടന്ന് പോകുന്ന ഈ ഗ്രാമപഞ്ചായത്തിൽ ധാരാളം റോഡുകൾഉണ്ട്. എല്ലാ റോഡുകളും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുള്ളതാണ്.

കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിലൂടെ ധാരാളം വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വീടില്ലാത്തവർക്ക് വീട്, കിണർ, കക്കൂസ്, എന്നിവ നിർമ്മിക്കുന്നിത് ധനസഹായം, വിവാഹം ധനസഹായം തുടങ്ങിയ വ്യക്തിഗത മേഖലകളിൽ ധാരാളം പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. വ്യക്തികളുടെയും കുടുംബങ്ങളുടെയും ജീവിത നിലവാരം ഉയർത്തുന്നതിനും അവരുടെ സാമ്പത്തിക ഉന്നമനത്തിനും കഴിഞ്ഞ കാലങ്ങളിലെ ജനകീയാസുത്രണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

ആസുത്രണത്തിന് പുതിയമാനം നൽകി നിലവിലുള്ള പ്രകിയയിൽ കാര്യമായ മാറ്റം വരുത്തി പഞ്ചായത്തുകൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകി സമയബന്ധിതമായി നടപ്പാക്കി വരുന്ന പദ്ധതി നിർമ്മാണം 100 ശതമാനം ചെലവഴിക്കുന്നതിന് പ്രചോദനം നൽകുന്നു.

പുതിയ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ പൊതുജനങ്ങളുടെ ചർച്ചക്കും അഭിപ്രായ രൂപീകരണത്തിനും വേണ്ടി പൊതുജനസമക്ഷം ഇവിടെ സമർപ്പിക്കുന്നു.

എന്ന്

സെക്രട്ടറി	പ്രസിഡണ്ട്
ശ്രീ. ജയൻ.കെ	**ശ്രീ. ലിയാക്കത്ത് അലി കെ**
എ.ആർ നഗർ ഗ്രാമപഞ്ചായത്ത്	എ.ആർ നഗർ ഗ്രാമപഞ്ചായത്ത്

.

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്ത്
പൊതു വിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ പേര്	:	അബ്ദുറഹിമാൻ നഗർ
വിസ്തീർണ്ണം	:	14.83 ച.കി.മീ
താലൂക്ക്	:	തിരൂരങ്ങാടി
ബ്ലോക്ക് പഞ്ചായത്ത്	:	വേങ്ങര
ജില്ല	:	മലപ്പുറം
അസംബ്ലിമണ്ഡലം	:	വേങ്ങര
പാർലമെന്റ് മണ്ഡലം	:	മലപ്പുറം
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	1. പുകയൂർ, 2. വി.കെ പടി, 3 കൂരിയാട്
ജില്ലാപഞ്ചായത്ത് ഡിവിഷൻ	:	വേങ്ങര

അതിരുകൾ

വടക്ക് :	പെരുവള്ളൂർ പഞ്ചായത്ത്
തെക്ക് :	കടലുണ്ടിപ്പുഴ
കിഴക്ക്:	വേങ്ങര, കണ്ണമംഗലം പഞ്ചായത്തുകൾ
പടിഞ്ഞാറ്:	മൂന്നിയൂർ പഞ്ചായത്ത്

ജനസംഖ്യ (2011 സെൻസസ് പ്രകാരം)	പുരുഷൻമാർ	സ്ത്രീകൾ	ആകെ
ആകെ	20401	21592	41993
പട്ടികജാതിക്കാർ	3405	3314	6719

ജില്ലാ പഞ്ചായത്ത് മെമ്പർ – **ശ്രീമതി. സമീറ പുളിക്കൽ**

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ – **ശ്രീ. എ.പി അബ്ദുൽ അസീസ്**

ശ്രീ. പി കെ റഷീദ്

ശ്രീ. സഫീർ ബാബു പി.പി

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്ത്
ഭരണസമിതി അംഗങ്ങൾ

ലിയാക്കത്ത് അലി കെ.	(പ്രസിഡണ്ട്)	9496047906
ശ്രീജ സുനിൽ പി.	(വൈ. പ്രസിഡണ്ട്)	9895905655

സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ

അബ്ദുൽ റഷീദ് കെ	വികസനം	9846024296
ലൈല പുല്ലൂണി	ക്ഷേമകാര്യം	9048448959
ഹനീഫ പി കെ	ആരോഗ്യം & വിദ്യാഭ്യാസം	9847290800

മറ്റു അംഗങ്ങൾ

ജിഷ സി	വാർഡ് 1	7994576677
മുഹമ്മദ് ജാബിർ സി	വാർഡ് 2	9744800784
ഇബ്രാഹിം മൂഴിക്കൽ	വാർഡ് 3	9495125262
ഷംസുദ്ധീൻ എ കെ	വാർഡ് 4	8113071845
കുഞ്ഞിമൊയ്തീൻ കുട്ടി	വാർഡ് 6	9446770326
ആച്ചുമ്മകുട്ടി കെ.സി	വാർഡ് 8	9495808741
പ്രദീബ് കുമാർ കെ എം	വാർഡ് 9	9947557018
വിബിന അഖിലേഷ്	വാർഡ് 10	8606727350
സൈതലവി കോയ ഇ.കെ	വാർഡ് 12	9495822333
മുഹമ്മദ് പുതുക്കുടി	വാർഡ് 13	9846420483
മൈമൂനത്ത് ഒ.സി	വാർഡ് 15	9605480676
ഷൈലജ പി	വാർഡ് 16	9633357913
സജ്ന അൻവർ എ	വാർഡ് 17	8075763002
ബേബി കെ എം	വാർഡ് 18	9947307618
ജുസൈറ മൻസൂർ	വാർഡ് 19	9947464774
നുസ്റത്ത് കെ	വാർഡ് 21	808928251

ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

അബ്ദുറഹിമാൻ നഗർ ഗ്രാമ പഞ്ചായത്തിലെ വാർഡുകൾ രണ്ട് നീർത്തടങ്ങളിലായി സ്ഥിതി ചെയ്യുന്നു.

1. കുന്നുംപുറം, കക്കാടംപുറം, ഏ ആർ നഗർ, കൊളപ്പുറം ഈസ്റ്റ്, കൊളപ്പുറം വെസ്റ്റ്, മമ്പുറം ഈസ്റ്റ്, മമ്പുറം വെസ്റ്റ്, വികെപടി, ചെണ്ടപ്പുറായ, ഇരുമ്പുചോല, എന്നീ പ്രദേശങ്ങൾ അടങ്ങുന്ന മമ്പുറം നീർത്തടം
2. വലിയപറമ്പ്, പുകയൂർ, പുതിയത്തുപ്പുറായ, ചെപ്യാലം, ചെണ്ടപ്പുറായ എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പുകയൂർ നീർത്തടം

സമുദ്ര നിരപ്പിൽ നിന്നും 40 മീറ്റർ ഉയരത്തിൽ കിടക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ ചരൽ മണ്ണ്, ചെങ്കൽ മണ്ണ്, ചെളികലർന്ന ചെമ്മണ്ണ് എന്നിവയും ഉപരി പ്രദേശങ്ങളിൽ ചെങ്കൽപാറയും കാണുന്നു.

കുന്നുംപുറത്ത് നിന്നും ഒഴുകി കടലൂണ്ടിപ്പുഴയിൽ ചേരുന്ന കൊടുവായൂർ വയൽ തോട് പട്ടിശ്ശേരി വയൽ തോട്, അരീത്തോട് എനാവൂർ തോട് എന്നിവയാണ് പ്രധാന തോടുകൾ, തോടുകളിൽ ചിലയിടത്ത് ചെറിയ വിസിബികൾ (തടയണ) ഉണ്ടെങ്കിലും ശരിയായ സംരക്ഷണമില്ലാത്തതിനാൽ വെള്ളം വേനൽ കാലങ്ങളിൽ കൃഷിക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല.

ഭൂപ്രദേശത്തിൻ 65.2 % പുരയിടവും 26.75% വയലും 5% പുമ്പോക്കും 3.23 % തരിശുമായിക്കിടക്കുന്നു. പുരയിടങ്ങളിൽ ചേന, ചേമ്പ്, ഇഞ്ചി, കുരുമുളക്, മരച്ചീനി എന്നിവ കൃഷി ചെയ്യുന്നു. വൻതോതിൽ കൃഷി ചെയ്തിരുന്ന പുരയിടങ്ങളെല്ലാം തന്നെ ഇന്ന് തരിശായികിടക്കുകയോ കോൺക്രീറ്റ് കെട്ടിടങ്ങൾ കെട്ടിപ്പൊക്കുകയോ ചെയതിരിക്കുന്നു. വയലുകളിൽ കുറേ ഭാഗം തരിശായിക്കിടക്കുന്നു. വാഴ മരച്ചീനി എന്നിവ നെൽകൃഷിക്ക് പകരം വൻകൃഷിയായി മാറുന്ന അവസ്ഥയാണ് കാണുന്നത്. പുരയിട കൃഷിയിൽ മുൻപന്തിയിൽ നിന്നിരുന്ന തെങ്ങ്, കമുങ്ങ് എന്നിവ ലാഭകരമല്ലാത്തതിനാലും തെങ്ങ് കയറുന്നതിനും കമുങ്ങ് കയറുന്നതിനും ആളെ ലഭിക്കാത്തതിനാലും ഇന്ന് ഈ കൃഷികളിൽ വൻ പ്രതിസന്ധി നേരിടുന്നു. കൂലിചെലവ് വളത്തിന്റെ വില വർദ്ധനവ്, കീടങ്ങളുടെ ഉപദ്രവം എന്നിവ കൃഷിയോടുള്ള ആഭിമുഖ്യം ജനങ്ങൾക്ക് കുറയാൻ കാരണമാകുന്നു.

മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നീർത്തട വികസന പദ്ധതി പ്രകാരം സ്വകാര്യ വ്യക്തികളുടെ പുരയിങ്ങളിൽ ഭൂവികസന പരിപാടികൾ നടന്ന് വരുന്നതിനാൽ ജന സംരക്ഷണം, ജൈവ വള കൃഷി എന്നിവ പുരോഗമിച്ച് വരുന്നു. കഴിഞ്ഞ കാലങ്ങളിലെ ജനകീയാസൂത്രണ പദ്ധതികൾമൂലം

കാർഷിക രംഗത്ത് പുതിയ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

2011 സെൻസസ് പ്രകാരം പഞ്ചായത്തിൽ ആകെ ജനസംഖ്യ 41993 ആണ്. ഇതിൽ 20401 പുരുഷൻമാരും 21592 സ്ത്രീകളുമാണ്. പട്ടികജാതിക്കാരുടെ എണ്ണം 3405 പുരുഷൻമാരും 3314 സ്ത്രീകളുമുൾപ്പെടെ ആകെ 6719 ആണ്. ഗ്രാമ പഞ്ചായത്തിലെ ജനങ്ങളിൽ കുറച്ച് പേർ പ്രവാസികളാണ്. ഇതിൽ കുറേപേർ ഗൾഫിലും ചിലർ മറ്റ് വിദേശ രാജ്യങ്ങളിലും ജോലി ചെയ്യുന്നവരാണ്. ബാക്കിയുള്ളവരിൽ വലിയൊരു ശതമാനം നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നവരാണ്. സർക്കാർ ജോലി ചെയ്യുന്നവർ വളരെ വിരളമാണ്. ചെറിയൊരു വിഭാഗം കച്ചവടക്കാരുമാണ്. പല ഗ്രാമ പഞ്ചായത്തുകളിൽ എന്ന പോലെ ഇവിടത്തെ പ്രധാന തൊഴിൽ മേഖലയും കെട്ടിട നിർമ്മാണ മേഖലയാണ്.
ആയത് കൊണ്ട് തന്നെ അന്യ സംസ്ഥാന തൊഴിലാളികൽ ധാരാളമായി ഈ മേഖലയിൽ ജോലി ചെയ്യുന്നു.

സ്വയം തൊഴിലിൽ ഏർപ്പെടുന്നതിന് സ്ത്രീകൾ വിമുഖത കാണിക്കുന്നു. കുടുംബ ശ്രീ പ്രവർത്തനം സജീവമാണെങ്കിലും തൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കുവാൻ ആരും മുന്നോട്ട് വരുന്നില്ല. ബി.പി എൽ കുടുംബങ്ങളുടെ എണ്ണം പഞ്ചായത്തിൽ വളരെ കൂടുതലാണ്. ഇതിൽ കുറെ കുടുംബങ്ങൾക്ക് വീട് വെച്ച് നൽകുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

ആദ്യകാലത്ത് മലഞ്ചരക്ക് വ്യാപാരത്തിന്റെയും സുഗന്ദദ്രവ്യങ്ങളുടെയും ശേഖരണ വിപണന കേന്ദ്രമായിരുന്ന ഈ ഗ്രാമം അയൽപ്രദേശത്ത് ഉള്ളവർക്ക് പോലും ഉൽപ്പനങ്ങൾ വാങ്ങുന്നതിലും വിൽക്കുന്നതിലും ആശ്രയമായിരുന്നു. എന്നാൽ ഇന്ന് കാർഷിക മേഖലയിൽ നിന്നും ആളുകൾ വിട്ട് നിൽക്കുകയും കമ്പോളവല്ക്കരണം ജീവിതത്തിന്റെ ഭാഗമായി മാറുകയും ചെയ്തതോടെ കാർഷിക വിപണി തീർത്തും നിർജീവമായി. പൊതുമാർക്കറ്റിന്റെ അഭാവം പഞ്ചായത്തിന്റെയും, സാധാരണ ജനങ്ങളുടെയും ധനാഗമമാർഗ്ഗത്തെ സാരമായി ബാധിച്ചിരിക്കുന്നു. കാർഷിക മേഖലയിൽ മുൻപ്ന്തിയിൽ നിൽക്കുന്ന തേങ്ങ, അടക്ക നേന്ത്രക്കായ, നെല്ല് എന്നിവ ശേഖരിച്ച് വിവിധ ഭക്ഷ്യോല്പന്നങ്ങളാക്കി വിൽക്കുന്ന വ്യവസായത്തിന് സാധ്യത ഏറെ ഉണ്ടെങ്കിലും അവ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. കാര്യമായ വ്യവസായശാലകൾ ഇല്ലാത്തത് മൂലം ജനങ്ങളുടെ വിഭവശേഷി കുറഞ്ഞ് വരുന്നു. സ്വന്തമായി വീട് ഇല്ലാത്തവരും, വീട് വെക്കാൻ ഭൂമി ഇല്ലാത്തവരും, ഇനിയും പഞ്ചായത്തിൽ അവശേഷിക്കുന്നു. ഭൂമിയുടെ വർദ്ധിച്ച് വിലയും, വീട് വെക്കാനുള്ള സാമ്പത്തിക ബാധ്യതയും സർക്കാർ സബ്സിഡി ഉപയോഗിക്കുന്നതിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുന്നു. കഴിഞ്ഞകാല ആസുത്രണ പ്രക്രിയയേയും കൂടി കടന്ന് പോകുന്ന പഞ്ചായത്തിൽ ദരിദ്ര്യ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും തൊഴിൽപരമായ ഉയർച്ചക്കും ഉണർവ്വ്

ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ കാല പദ്ധതികൾ ഉപയോഗിച്ച് നിരവധി പേർക്ക് വ്യക്തിഗത ആനുല്യങ്ങൾ നൽകാൻ കഴിയുക വഴി ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ സേവന മേഖലകളിൽ കഴിഞ്ഞ നാല് പഞ്ചവത്സര പദ്ധതികളുടെ നേട്ടങ്ങൽ വിലയിരുത്തുമ്പോൾ ആശാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതായി കാണാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രികളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും, മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും ശ്രദ്ധിക്കാൻ കഴിഞ്ഞിട്ടുണ്ട്. പോളിയോ തുള്ളിമരുന്ന് വിതരണം, കുത്തിവെപ്പ്, മഴക്കാല രോഗങ്ങൾ തടയൽ, കച്ചവട സ്ഥാപനങ്ങളിലെ പരിശോധന, പാലിയേറ്റീവ് പരിചരണം എന്നിവ ഇതിൽ എടുത്ത് പറയാവുന്നതാണ്.

വിദ്യാഭ്യാസ രംഗത്ത് വൻഉയർച്ച കൈവരിക്കാൻ നമ്മുക്ക് കഴിഞ്ഞുട്ടുണ്ട്. കൊളപ്പുറം ഗവ. യുപി സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്താൻ കഴിഞ്ഞതും, കക്കാടം പുറം ജിയുപി സ്കൂളിന് സ്വന്തമായി സ്ഥലവും, കെട്ടിടവും ലഭിച്ചതും പ്രത്യേകം നേട്ടങ്ങളാണ്.

കൊളപ്പുറം ഗവ. ഹൈസ്കൂൾ കൂടാതെ ഒരു ഹയർസെക്കണ്ടറി സ്കൂളും,3 വിധം എൽപി, യുപി സ്കൂളുകളും പഞ്ചായത്തിൽ ഉണ്ട്. ഇനിയും വിദ്യാലയങ്ങളുടെ ഭൗതികസൗകര്യം വർദ്ധിപ്പിക്കുന്നതിന് ധാരാളം കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

കലാകായിക രംഗത്തും വളർച്ചയുണ്ടായിട്ടുണ്ട്. പഞ്ചായത്തിലെ ലൈബ്രറികൾക്ക് ആവശ്യമായ ധനസഹായം നൽകുകയും ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർ വിദ്യാകേന്ദ്രങ്ങൾക്കും ധനസഹായം നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റേഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം നടത്തി കായിക രംഗത്ത് പ്രോത്സാഹനം ചെയ്തിട്ടുണ്ട്. കാരച്ചിനയിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറിക്ക് പുതിയ സ്റ്റാഫിനെ നിയമിക്കുകയും, റഫറൻസ് പുസ്തകങ്ങളും, വായന പുസ്തകളങ്ങളും ഒരുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന് ചെണ്ടപ്പുറായയിലുള്ള സ്റ്റേഡിയം പഞ്ചായത്തിന്റെ കലാകായിക രംഗത്തിന് ഒരു മുതൽ കൂട്ടാണെങ്കിലും ചുറ്റുമതിലും, ഗ്യാലറിയും പണിയേണ്ടതായിട്ടുണ്ട്.

സാമ്പത്തിക മുന്നേറ്റത്തിന് വ്യവസായം വളരണം, ജനങ്ങളുടെ ക്രിയാശേഷി വികസിക്കണം ഇത് മുന്നിൽ കണ്ടാണ് ഈ പഞ്ചായത്ത് പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നത്. എല്ലാവർക്കും വീട് എല്ലാവർക്കും ആരോഗ്യം എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ഇതാണ് പഞ്ചായത്തിന്റെ ലക്ഷ്യം.

വികസന തന്ത്രം

അബ്ദുറഹ്മാൻ നഗർ ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സർവ മേഖല യിലും പ്രത്യേകിച്ച് കുടിവെള്ളം, വിദ്യാഭ്യാസം, ശുചിത്വം പാർപ്പിടം തുടങ്ങിയ മേഖലക ളിൽ സമ്പൂർണ്ണ വികസനം സാധ്യമാക്കുക എന്ന കാഴ്ച്ചപ്പാടോട് കൂടിയാണ് വാർഷിക പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതും പുതിയവ രൂപീകരിച്ചിട്ടുള്ളതും. ഗ്രാമപഞ്ചായത്ത് ഓഫീസിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും ആവശ്യമായ ഭൗതിക സൗരോകര്യ ങ്ങൾ ലഭ്യമാക്കി ജനസേവനം കാര്യക്ഷമമാക്കണം. വിവിധ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വത്കരണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് സമയബന്ധിതമായി ഓൺലൈൻ സേവ നങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

ചെറുകിട വ്യവസായ സംരംഭങ്ങളിലൂടെ സ്വയംതൊഴിലും സ്ഥിരവരുമാനവും സാധ്യമാക്കുക. തരിശായി കിടക്കുന്ന നെൽവയലുകൾസ കൃഷിയോഗ്യമാക്കുയും ഉല്പാദന വർദ്ധനവിന് ആവശ്യമായ നിർദേശവും പ്രോത്സാഹനവും നൽകുകയും ചെയ്യുക. ജലസേചന സൗകര്യം വർദ്ധിപ്പിച്ച് സംഘകൃഷി മറ്റു പാരമ്പര്യ കൃഷി ഇനങ്ങ ളായ നെല്ല്, കപ്പ, വാഴ തുടങ്ങിയവക്ക് ആവശ്യമായ സബ്സിഡി നൽകി വ്യാപകമാക്കു ക. എല്ലാ വീടുകളിലും സ്വന്തമായി പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക.

ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ടാറിംഗും കോൺക്രീറ്റിംഗും പൂർത്തീകരിച്ച റോഡുകളുടെ സംരംക്ഷണവും പുതിയ റോഡുകളുടെ നിർമാണവും മുൻഗണന നിശ്ചയിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുക. ഗ്രാമപഞ്ചായത്തിലെ സ്വന്തമായി വീടില്ലാത്ത മുഴുവൻ കുടുംബങ്ങളേയും കണ്ടെത്തി സർക്കാർ ധനസഹായ ത്തിന് പുറമെ ആവശ്യമായ തുക സന്നദ്ധ സേവനം വഴി ലഭ്യമാക്കി പാർപ്പിട സൗകര്യം ഏർപ്പെടുത്തുക.

ആരോഗ്യ രംഗത്ത് കുന്നുംപുറത്ത് സ്ഥിതി ചെയ്യുന്ന കുടുംബ ആരോഗ്യ കേന്ദ്രം രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളിൽ ബോധവത്കരണം നടത്തി യുവ ജന സംഘടനകൾ, ആശാ വർക്കർമാർ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരെ സഹകരി പ്പിച്ച് ഫലപ്രദമായ ഇടപെടൽ നടത്തുക.

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന മുഴുവൻ കുടുംബങ്ങ ളിലും കുടിവെള്ളം എത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നു. നടപ്പിലാക്കിയി ട്ടുള്ള ഏ.ആർ. നഗർ പൊതുകുടിവെള്ള പദ്ധതി ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ പകു തിയോളം വാർഡുകളിലേക്ക് മാത്രമേ കുടിവെള്ളം എത്തിക്കാൻ സാധിച്ചിട്ടുള്ളൂ. മൃഗ സംരക്ഷണ മേഖല ശോചനീയാവസ്ഥയിലാണ്. മുൻകാലങ്ങളിൽ പശു, ആട്, പോത്ത് തുടങ്ങിയ വളർത്ത് മൃഗങ്ങൾ വ്യാപകമായി ഈ ഗ്രാമപഞ്ചായത്തിൽ കാണപ്പെട്ടിരുന്നു. എന്നാൽ ഇത് വളരെ വിരളമാണ്. വീട്ട് വളപ്പിൽ സ്ഥലം ഇല്ലായ്മയും ഉള്ളവരുടെ താലപര്യകുറവുമാണ് ഇതിന് കാരണം. പരിപാലിക്കുന്നവർക്ക് ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല എന്ന പരാതി ഉണ്ട്. ഒരുകാലത്ത് വീടുകളിൽ

സുലഭമായിരുന്ന നാടൻ കോഴി വളർത്തൽ ഇപ്പോൾ ശുഷ്ക്കിച്ചിരിക്കുന്നു. വനിതകൾക്ക് മുട്ടകോഴി വിതരണം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

വൻകിട വ്യവസായ ഈ പഞ്ചായത്തിൽ ഇല്ല. വ്യവസായ മേഖല എന്ന് അറിയപ്പെടുന്ന വലിയപറമ്പിൽ സൗകര്യ ഉടമസ്ഥതിയൽ ഏതാനും ചെറുകിട വ്യവസായ ശാലകൾ പ്രവർത്തിച്ച് വരുന്നു, തദ്ദേശ വാസികളും അല്ലാത്തവുരുമായ ധാരാളം പേർ ഇവിടെ തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നു.

ജനങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശമായതിനാൽ വീട് വെക്കുന്നതിനുള്ള ഭൂമിയില്ലായ്മ വളരെ കൂടുതലാണ്. ഭൂമി ഉള്ളവരിൽ തന്നെ വീട് വെക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് അനുവദിക്കുന്നവരാണ് അധികവും. ദാരിദ്ര്യ ലഘൂകരണ രംഗത്ത് ഏറ്റവും ശ്രദ്ധിക്കേണ്ട മേഖലകൂടിയാണ് ഇത്. വീട് നിർമ്മാണത്തിന് ഗുണഭോത്കൃത പട്ടിക അനുസരിച്ച് ഫണ്ട് വകയിരുത്തിയാൽ ഏറെകുറെ പരിഹാരമാകാവുന്നതാണ്. വീട് നിർമ്മാണ സാമഗ്രികൾ മിതമായ നിരക്കിൽ ലഭ്യമാക്കുകയും ചെലവ് കുറഞ്ഞ വീട് നിർമ്മാണ രീതി പരിശീലിപ്പിക്കുകയും ചെയ്യേണ്ടതാണ്. കുടുംബശ്രീ സംവിധാനത്തെ പരിപോഷിപ്പിക്കുന്നതിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സാധ്യമാകുന്നതാണ്.

കുന്നുംപുറം കുടുംബ ആരോഗ്യ കേന്ദ്രമാണ് ഈ പഞ്ചായത്തിലെ ആരോഗ്യ ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങൽക്ക് നേതൃത്വം നൽകി കൊണ്ടിരിക്കുന്നത്. പിഎച്ച്സിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏറെകുറെ ലഭ്യമാണ്. ആവശ്യമായ സ്റ്റാഫുകളുടെ അഭാവം കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സമാവാറുണ്ട്. കിടത്തി ചികിത്സക്ക് ആവശ്യമായ കെട്ടിട സൗകര്യങ്ങൾ ലഭ്യമാണെങ്കിലും ആവശ്യമായ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയാൽ ആരോഗ്യ രംഗത്ത് സ്തുത്യർഹമായ പ്രവർത്തനം കാഴചവെക്കാൻ സാധിക്കു.

ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ മാറ്റൊരു പ്രധാന പ്രശ്നമാണ് കുടിവെള്ള ക്ഷാമം. ഇപ്പോൾ പ്രധാനമായും ഗ്രാമവാസികൾ ആശ്രയിക്കുന്നത് ഏ ആർ നഗർ കുടിവെള്ള പദ്ധതിയെ ആണ്. ഇത് പൂർണ്ണ സ്ഥിതിയിൽ എത്തിക്കുകയും, കൊളപ്പുറം ഇരണിപുലാക്കൽ, കുന്നുംപുറം കേന്ദ്രമായി ആരംഭിക്കുന്ന പദ്ധതി യാഥാർത്ഥ്യമാവുകയു ചെയ്താൽ കുടിവെള്ള പ്രശ്നത്തിന് ഏറെ കുറെ പരിഹാരമാകും.

വിദ്യാഭ്യാസ രംഗത്ത് ഉന്നത പഠന സ്ഥാപനങ്ങൾ ഇല്ലാത്തതും സർക്കാർ ഉടമസ്ഥതയിൽ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ലാത്തതും ഗുണ മേന്മയുള്ള വിദ്യാഭ്യാസത്തിന് പ്രശ്നം സൃഷ്ടിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിന് സ്ഥാപിതമായ ഒരു എൽപി സ്കൂൾ ഇന്നും വാടക കെട്ടിടത്തിലാമ് പ്രവർത്തിക്കുന്നത്.

സ്ത്രീ ശാക്തീകണ രംഗത്ത് കാര്യമായ പുരോഗതി നേടാനായിട്ടുണ്ട്. വനിതകളെ ഉദ്ദേശിച്ച് രൂപീകരിക്കപ്പെടുന്ന പല പദ്ധതികളും വേണ്ടത്ര പങ്കാളിത്തം ലഭിക്കുന്നുണ്ട്. കുടുംബശ്രീ മുഖേനയും, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനയും കാര്യമായ ഇടപെടലുകൾ നടത്തി ബോധവൽക്കരണത്തിന് ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

വൃദ്ധൻമാരുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷമത്തിനായി ഇനിയും പദ്ധതികൾ രൂപികരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഊർജ്ജ മേഖലകളിൽ ഉൽപ്പാദനത്തിന് സാധ്യമാകുന്ന സംരംഭങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.

വിശദമായ സർവ്വേ നടത്തി സാധ്യത പഠനം നടത്താവുന്നതാണ്. സൗരോർജ്ജം ഉപയോഗിക്കുന്നതിന് വൈദ്യുതി ഉപയോഗം ഗണ്യമായി കുറക്കുന്നതിനും ബോധവൽക്കരണം ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് അതിരുകൾക്കുള്ളിൽ വിവിധ റോഡ് സൈഡുകളിലായി ധാരാളം തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പല ലൈറ്റുകളും പെട്ടൊന്ന് കേട്പാടുകൾ സംഭവിക്കുന്നു. റിപ്പയർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങളുടെ സാങ്കേതിക ബുദ്ധിമുട്ട് പഞ്ചായത്തിന് വൈദ്യുതി ചാർജ്ജ് ഇനത്തിൽ വൻ നഷ്ടം സംഭവിക്കുന്നു.

വിഭവ സമാഹരണം

വികസന ഫണ്ട്

ഫണ്ട്	തുക
സാധാരണ വിഹിതം	26158000
ധനകാര്യ കമ്മീഷൻ (അടിസ്ഥാന ഗ്രാന്റ്)	5044800
ധനകാര്യ കമ്മീഷൻ (പ്രത്യേക ഉദ്ദേശ ഗ്രാന്റ്)	7567200
ആകെ	**38770000**
പട്ടികജാതി ഉപ പദ്ധതി	5516000
പട്ടിക വർഗ്ഗ ഉപപദ്ധതി	
ആകെ വികസന ഫണ്ട്	**44,286,000**

മെയിന്റനൻസ് ഫണ്ട്

റോഡിതരം	9044000
റോഡ്	9952000
ആകെ	**18,996,000**

കണക്കുകളും രേഖകളും തയ്യാറാക്കലും ജനസേവനം കാര്യക്ഷമമാക്കലും

ഇന്നത്തെ അവസ്ഥ

പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വരികയും ജനസീയാസുത്രണ പദ്ധതികൾ വഴി കോടി കണക്കിന് രൂപ ചെലവഴിക്കുകയും ചെയ്തു. ഗ്രാമവികസനത്തിനും ക്ഷേമപ്രവർത്തനങ്ങൽക്കുമായി ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ട ബാധ്യത പഞ്ചായത്തിന് വന്ന് ചേരുക ഉണ്ടായിട്ടുണ്ടെങ്കിൽ പോലും പൊതുജന സേവന രംഗത്ത് മെച്ചപ്പെട്ട സംവിധാനം ഒരുക്കന്നതിന് അടിസ്ഥാന സൗകര്യ വികസനത്തിന് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും കണക്കുകളും രേഖകളും സമയബന്ധിതമായി തയ്യാറാക്കപ്പെടുന്നതിന് ഇനിയും വളരെയേറെ മുന്നോട്ട് പോകേണ്ടതുണ്ട്. പഞ്ചായത്തകളിൽ കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയായിയെങ്കിലും സോഫ്റ്റ്വെയറുകൾ സമ്പൂർണ്ണമായി വിന്നിസിപ്പിക്കുന്നതിന് അവ ജീവനക്കാർക്ക് പരസഹായം കൂടാതെ സ്വതന്ത്രമായി പ്രവർത്തിപ്പിക്കുന്നതിന് ഇനിയും ശ്രമങ്ങളും പരിശീലനങ്ങളും ആവശ്യമാണ്.

തദ്ദേശ സർക്കാറുകൾ എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലും നിയന്ത്രണത്തിലും വരുന്ന അനേകം സ്ഥാപനങ്ങൾ നമ്മുടെ ഗ്രാമപ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, ദാരിദ്ര്യ നിർമ്മാർജ്ജനം, സാമൂഹ്യക്ഷേമം, സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ, തൊഴിൽ സംരംഭങ്ങൾ, തുടങ്ങി വിവിധ മേഖലകളിൽ നിരവധി ആനുകൂല്യങ്ങളും സേവനങ്ങളും ഈ ഓഫീസ് വഴി പൊതുജനങ്ങൾക്ക് ലഭ്യമാവുന്നുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ഈ സ്ഥപനങ്ങളുംമായി ഗ്രാമപഞ്ചായത്തിനു ആശയ വിനിമയത്തിനും, ഭരണപരമായ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും, നെറ്റ് വർക്കിംഗ് സംവിധാനമുൾപ്പെടെയുള്ള സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പരിപാടികളിലൂടെ മാത്രമേ സാധ്യമാവുകയൊള്ളു. ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്തിലും, അനുബന്ധസ്ഥാപനങ്ങളിലും രേഖകളുടെ സൂക്ഷിപ്പും പൊതുജനങ്ങൾക്കായുള്ള സേവനവും കാര്യക്ഷമമക്കുന്നതിനും കമ്പ്യൂട്ടർ വൽക്കരണ നടപടികളുമായി പോവേണ്ടതുണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

1. ഗ്രാമ പഞ്ചായത്ത് ഓഫീസിലും അനുബന്ധ സ്ഥാപനങ്ങളിലും കൈകാര്യം ചെയ്യപ്പെടുന്ന ഫയലുകളുടെയും സേവനങ്ങളുടെയും വൈവിധ്യവും, ബാഹുല്യവും അനുസരിച്ച് റിക്കാർഡുകളുടെ സൂക്ഷിപ്പിന് മതിയാ സൗകര്യം ഒരുക്കാനാവാത്ത അവസ്ഥയിൽ ജീവനക്കാരുടെ കുറവും

സേവന പ്രധാനത്തിനു കാലമാസത്തിനിടയാക്കുകയും, പലപ്പേഴും മേശം പ്രതിച്ഛായ സൃഷ്ടിക്കപ്പെടാൻ ഇടയാക്കുകയും ചെയ്യുന്നു.

2. കമ്പ്യൂട്ടർ പോലുള്ള ഉപകരണങ്ങളും അവയിൽ വിന്യസിക്കപ്പെട്ടിട്ടുള്ള സോഫ്റ്റ് വെയറുകളും പ്രവർത്തിപ്പിക്കുന്നതിൽ ജീവനക്കാർക്ക് പൂർണ്ണമായ പരിശീലനം ലഭ്യമാവാത്തതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.
3. പലവിധമായ കാരണങ്ങളാൽ സമയബന്ധിതമായ പ്രവർത്തനങ്ങൾ നടത്താനാവാത്തത് പദ്ധതി പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നു.

പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

1. ജനസേവനം കാര്യക്ഷമമാക്കുന്നതിന് ഭൗതിക സൗകര്യം ഒരുക്കുക
2. മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുക
3. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ജീവനക്കാർക്ക് പരിശീലനവും
4. പദ്ധതി രൂപീകരണ നടപടി ക്രമങ്ങൾ സങ്കീർണ്ണതയും ആശയകുഴപ്പങ്ങളും ഒഴിവാക്കി ലളിതവൽക്കരിക്കുക.

കൃഷി ജലസേചനം

ഇന്നത്തെ അവസ്ഥ

പ്രധാന വിളകൾ- തെങ്ങ്, നെൽകൃഷി, എന്നിവയാണ്. 50 ഹെക്ടറിൽ 2-ാം വിളയായും 80 ഹെക്ടറിൽ 3-ാം വിളയായും നെല്ല് ഉല്പാദിപ്പിക്കുന്നു. മറ്റുവിളകളായ വാഴ 25 ഹെക്ടറിലും, കപ്പ 50 ഹെക്ടറിലും, പച്ചക്കറി 15 ഹെക്ടറിലും കൃഷി ചെയ്യുന്നു. 180 ഹെക്ടർ പ്രദേശത്ത് കമുക് ഇടവിളയായി കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി എന്നിവ കൃഷി ചെയ്യുന്നു. 700 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിചെയ്യുന്നു.

നിലനിൽക്കുന്ന പ്രശ്നങ്ങൾ അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവരുടെ കുറവും, കൊഴിഞ്ഞ് പോക്കും മതിയായ ജലസേചനങ്ങളുടെ അപര്യാപ്തതയും കാലാവസ്ഥ വ്യതിയാനവുമാണ് കാർഷിക മേഖല നേരിടുന്ന വെല്ലുവിളികൾ

കാരണങ്ങൾ

- പുതിയ തലമുറ കാർഷിക വൃത്തിയോട് ആഭിമുഖ്യം പുലർത്തുന്നചഷ്ട.
- വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന കൃഷി സംബന്ധമായ വിജ്ഞാനം പരിമിതമാണ്. ഉപഭോഗസംസ്ക്കാരത്തിൽ ഊന്നിക്കൊണ്ട് ജീവിതശൈലിയിൽ മാറ്റങ്ങൾ പുതുതലമുറയെ സ്വാധീനിക്കുന്നു
- കാർഷികോൽപ്പന്നങ്ങൾ വിറ്റൊവിക്കുന്നത് വിപണന സൗകര്യം ഇഷ്ടായ്മ

- വളങ്ങളുടെ വില കൂടുതലും കൂലിചെലവ് വർദ്ധനവ് കൃഷി ആദായകരമല്ലാതാക്കി തീർക്കുന്നു.

പ്രശ്ന പരിഹാര മാർഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

- സൗജന്യ നിരക്കിൽ വിത്തും വളങ്ങളും ലഭ്യമാക്കുക.
- സൗദന്യ നിരക്കിൽ ജലസേചന സൗകര്യങ്ങൾ, കാർഷിക യന്ത്രോപകരണങ്ങൾ (പമ്പ് സെറ്റ്) ലഭ്യമാക്കുക.
- വിളകൾക്ക് ഇൻഷുറൻസ്
- ഇടവിള കൃഷിക്ക് പ്രോത്സാകനം
- തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുക.
- സംഘകൃഷി പ്രോത്സാഹിപ്പിക്കുക.
- യനിതകൾക്ക് കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലനം നൽകുക.
- തൊഴിൽ സേനകൾ രൂപീകരിക്കുക.
- പരമ്പരാഗത ജല സ്രോതസ്സുകൾ , ജല നിർഗ്ഗമന മാർഗ്ഗങ്ങൾ എന്നിവ സംരക്ഷിക്കുക.
- തടയണകൾ നിർമ്മിക്കുകയും നിലവിലുള്ള തടയണകൾ അറ്റകുറ്റ പണികൾ നടത്തി സംരക്ഷിക്കുകയും ചെയ്യുക.

പദ്ധതി കാലയളവിലും മുൻ വർഷവും പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളും അവയുടെ നേട്ട കോട്ടങ്ങളും

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആരംഭഘട്ട പ്രവർത്തനങ്ങൾ നടന്ന് വരികയാണ്. മുൻ വർഷങ്ങളിൽ പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളുടെ സംഗ്രഹം അനുബന്ധമായി ചേർത്തിരിക്കുന്നു.

പദ്ധതി കാലയഴവിൽ മറ്റ് വകുപ്പുകൾ / ഏജൻസികൾ / സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങളും അവയുടെ നേട്ട കോട്ടങ്ങളും

നെല്ല് ഉത്പാതന വർദ്ധന വിന് കർഷകർക്ക് പ്രോത്സാഹനവും നല്ലയിനം നെൽവിത്തുകളുടെ വിതരണവും കൃഷിവകുപ്പ് നേരിട്ട് ചെയ്ത് വരുന്നു. കൂടാതെ തെരെഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ തെങ്ങ് കൃഷി വികസന പരിപാടികൾ നടപ്പിലാക്കുന്നു. ഈ പദ്ധതിമൂലം കർഷകർക്ക് മികച്ചയിനെ നെൽവിത്തുകൾ, കുരുമുളക് വള്ളികൾ, തെങ്ങിൻ തൈകൾ, മാവിൻ തൈകൾ തുടങ്ങിയവ ലഭ്യമാകുന്നു. വികസന സാധ്യതകൾ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

മൃഗ സംരക്ഷണം

ഇന്നത്തെ അവസ്ഥ

പശുവളർത്തലാണ് ഈ മേഖലയിൽ പ്രഥാനമായും ഉള്ളത്. ആടുകളെ വളർത്തുന്നതും കോഴികളെ വീട്ടാവശ്യത്തിനും, വ്യാപാര ആവശ്യങ്ങൾക്കുമായി വളർത്തുന്നവരും ഉണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണോം തലോം കുറവാണ്. അതു കൊണ്ട് തന്നെ ഈ മേഖലയിൽ കാര്യമായ പദ്ധികൾ ഉണ്ടായിട്ടില്ല.

ക്ഷീര വികസന സംഘങ്ങൾ- 1 എണ്ണം- ഒളകര ക്ഷീരോല്പാദക സഹകരണ സംഘം, ഏ ആർ നഗർ, പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർ, ചേർന്ന് രൂപം കൊടുത്ത ഈ സ്ഥാപനം തുടങ്ങിയ കാലത്ത് തന്നെ മിൽക്ക് ടെസ്റ്റർ, പാൽ, സംഭരിക്കുന്നതിനുള്ള ക്യാനുകൾ, എന്നിവ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. ഇന്ന് ഈ സംഘം വളർന്ന് മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നു. പ്രദേശത്ത് ക്ഷീര കർഷകർക്ക് പശുവളർത്തലിന് പ്രചോദനമാകുന്നതിനു ഈ സംഘത്തിന് കഴിയുന്നു. മൃഗസംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സംഘങ്ങൾ പ്രദേശത്ത് ഇല്ല.

കോഴിവളർത്തലും മുട്ട ഉത്പാദനവും

1. ഈ രംഗത്ത് വളരെ കുറച്ച് പേർ മാത്രമണുള്ളത്. കോഴിയിറച്ചിയുടെയും, കോഴിമുട്ടയുടെയും ഉപയോഗം കൂടുതലാണെങ്കിലും കോഴിവളർത്തൽ രംഗത്ത് താല്പര്യം ഉള്ളവർ കുറവാണ്. സംയോജിത സംരഭങ്ങൾക്കും, കൂട്ടായ സംരംഭങ്ങൾക്കും ആരും താല്പര്യം കാണിക്കുന്നില്ല. കൃഷിയിലെന്ന പോലെ പശുപരിപാലനം, ആടുവളർത്തൽ, കോഴിവളർത്തൽ, എന്നീ മേഖലകളിൽ വളരെകുറച്ച് പേർ മാത്രമാണ് തൽപ്പരരായിട്ടുള്ളത്.
2. പുറം സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഇറച്ചി കോഴികളും കോഴിമുട്ടകളും നമ്മുടെ വിപണി കയ്യടക്കുമ്പോൾ ഇവയുടെ ഉപയോഗം വളരെ കൂടുതലും, പ്രാദേശിക തലത്തിലുള്ള ഉല്പാദനം വളരെ കുറവുമാകുന്നു.

നിലനിൽക്കുന്ന പ്രശ്നങ്ങൾ , അവയുടെ രൂക്ഷത, അവക്കുള്ള കാരണങ്ങൾ

മൃഗസംരക്ഷണ മേഖലയിലെ ഏറ്റവും രൂക്ഷമായ പ്രശ്നം എന്നത് തെരവുനായക്കളുടെയും, അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായക്കളുടെയും ശല്യമാണ്. നായക്കളെ കൊല്ലുന്നത് നിരോധിക്കപ്പെട്ടിട്ടുള്ളതാണ്. ഇവയുടെ എണ്ണം നിയന്ത്രിക്കുന്നതിനും ഫലപ്രദമായി നടപടികൾ എവിടെയും

ആരംഭിച്ചിട്ടില്ല. വീടുകളിലെയും, കോഴിക്കടകളുടെയും വ്യവസായ ശാലകളിലെയും ഭക്ഷണശാലകളിലെയും ജൈവമാലിന്യങ്ങളും, മറ്റുമാലിന്യങ്ങളും എന്നിവ അലക്ഷ്യമായി വലിച്ചെറിയുകയും ഒഴിഞ്ഞ പ്രദേശങ്ങളിൽ കൊണ്ടുപോയി തള്ളുകയും ചെയ്യുന്നത് ഇന്ന് ജനങ്ങളുടെ ഒരു ശീലമായി മാറിയിരിക്കുന്നു. ഈ അവശിഷ്ടങ്ങൾ ഭക്ഷിക്കുന്ന തെരുവ് നായക്കളും അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായക്കളും കൂട്ടം കൂടി ഒഴിഞ്ഞ് പറമ്പുകളിലും മറ്റും കേന്ദ്രമാക്കുന്നു. ഇവ പെറ്റുപെരുകി വംശ വർദ്ധനവ് ഒരുക്കുന്നതിന് ഭക്ഷണാവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതും ഒഴിഞ്ഞ പ്രദേശങ്ങളിൽ കൊണ്ട് തള്ളുന്നതും കാരണമാകുന്നു. വീടുകളിൽ വളർത്തുന്ന നായക്കൾക്ക് യഥാസമയം കുത്തിവെപ്പുകൾ എടുക്കുകയോ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കുകയോ ചെയ്യാതെ ഇവയെ പകൽ സമയങ്ങളിൽ പുറത്ത് അലഞ്ഞ് തിരിയാൻ അനുവദിക്കുന്നതും ഇത്തരം ശല്യത്തിന് കാരണമാകുന്നു.

<u>പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും</u>

- അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായക്കളുടെ വംശവർദ്ധനവ് തടയുന്നത് ഫലപ്രദമായും നടപടികൾ സ്വീകരിക്കേണ്ടതാണ്. സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പാക്കുന്നതിന് ജനങ്ങളുടെ, വിശിഷ്ട സന്നദ്ധ സേവന രംഗത്ത് പ്രവർത്തിക്കുന്ന ക്ലബുകളുടെ സന്നദ്ധ സംഘങ്ങളുടെയും പൊതുജനാരോഗ്യ പ്രവർത്തകരെയും സഹകരണം ആവശ്യമാണ്.
- മാലിന്യം നിക്ഷേപങ്ങൾക്കെതിരായ നടപടികളും, ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കേണ്ടത് ആവശ്യമാണ്.
- വളർത്തുനായക്കൾക്ക് പ്രതിരോധ കുത്തിവെപ്പുകൾ എടുക്കുകയും ലൈസൻസെടുക്കുകയും ചെയ്യുക
- ക്ഷീര വികസന സംഘത്തിന് കീഴിൽ വിവിധ പ്രദേശങ്ങളിൽ കറവ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഗ്രാമസഭകളിൽ നിന്നും ആവശ്യം ഉയർന്നിട്ടുള്ളതാണ്. കറവ് കേന്ദ്രങ്ങളിൽ നിന്നും സംഭരിക്കുന്ന പാൽ സംഘത്തിൽ എത്തിക്കുന്നതിനും ഇപ്രകാരം സംഭരിക്കുന്ന പാൽ പ്രദേശത്തെ അങ്കണവാടികളിൽ പോഷകാഹാര പരിപാടിയുടെ ഭാഗമായി ലഭ്യമാക്കുന്നതിനും സഹായകരമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നത് ജനങ്ങളുടെ ഇടയിൽ ക്ഷിര വികസന സംരംഭങ്ങൾ

പ്രോത്സാഹിപ്പിക്കുന്നതിനും, ആളോഹരി വരുമാന വർദ്ധനവിനും സഹായകരമാവുന്നതോടൊപ്പം പ്രദേശത്തെ കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടന്ന അമ്മമ്മാർ, പോഷകാഹാര കുറവ് നേരിടുന്ന കൗമാര പ്രായക്കാരായ പെൺക്കുട്ടികൾ എന്നിവർക്ക് പോഷണം ലഭ്യമാക്കുന്നതിനും ആരോഗ്യകരമായ ഒരു തലമുറയെ വാർത്തെടുക്കുന്നതിനും സഹായകരമായിരിക്കും. ഇതിനായി സമഗ്രമായ ഒരു ക്ഷീര വികസന പരിപാടിക്ക് രൂപം നൽകുക.

- ക്ഷീര വികസന പ്രവർത്തനങ്ങളുടെയും, കോഴി വളർത്തൽ പദ്ധതിയുടെയും അനുബന്ധമായി സ്കൂളുകളിലെയും, അങ്കണവാടികളിലെയും പോഷകാഹാരകുറവുള്ള കുട്ടികളെ കണ്ടെത്തി പാൽ, മുട്ട മുതലായ പോഷക പ്രധാനമായ ഭക്ഷണങ്ങൾ നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്യുന്നവയാണ്.

ചെറുകിട വ്യവസായം

ഇന്നത്തെ അവസ്ഥ.

ചെറുകിട വ്യവസായ സംരംഭങ്ങിൽ ഏർപ്പെടുന്നു സ്വയം തൊഴിൽ സഹായം സംഘങ്ങൾ ഗ്രൂപ്പകൾ, എന്നിവ കുറവാണ്. തുടങ്ങിയ സംരംഭങ്ങൾ പലതും പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. പട്ടികജാതിയിൽപ്പെട്ട വനിതകൾക്കായി തുടങ്ങിയ പ്രിന്റിംഗ് പ്രസ്സ്, വനിത സ്വയം തൊഴിൽ പരിശീലന സംരംഭങ്ങൾ എന്നിവ വർഷങ്ങളായി ഇപ്രകാരം പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ട സംരംഭങ്ങളാണ്

നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത അവയ്ക്കുള്ള കാരണങ്ങൾ

ബേങ്ക് വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും സംരംഭങ്ങൾ മുന്നോട്ട് കൊണ്ട്പോകാനുള്ള ആത്മവിശ്വാസമില്ലായ്മയും, മാർക്കറ്റിംഗ് രംഗത്തെ വൈദഗ്ധ്യമില്ലായ്മയും ജീവിത പ്രാരാപ്തങ്ങളുമാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ

പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

1. കുടുംശ്രീ മുഖേനയുള്ള ഗ്രൂപ്പ് സംരഭങ്ങൾ പ്രോത്സാഹിപ്പിക്കുക
2. കാലാനുസൃതമായ ആവശ്യങ്ങൾ കണക്കിലെടുത്ത് കൊണ്ടുള്ള തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയ പാരിസ്ഥിതിക സൗഹൃദ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും സംരംഭങ്ങൾ തുടങ്ങുന്നതിനും വേണ്ട പരിശീലനവും പ്രോത്സാഹനവും നൽകുക

ദാരിദ്ര്യ ലഘൂകരണം

നിലവിലുള്ള അവസ്ഥ.

അവശ വിഭാഗങ്ങളുടെ ദാരിദ്ര്യ ലഘുകരണത്തിനായി കുടുംബശ്രീ സംവിധാനം നിലവിലുണ്ട്. ആശ്രയ പദ്ധതിയുടെ ഭാഗമായി വർഷങ്ങൽക്കു മുമ്പ് സർവ്വേ നടത്തി ക്ലേശ്ശഘടകങ്ങൾ കണ്ടെത്തി തയ്യാറാക്കിയ ലിസ്റ്റ് കാലഹരണപ്പെട്ട ഒന്നാണ്. നേരത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ആശ്രയ പദ്ധതിക്കായി പദ്ധതി വിഹിതം വകയിരുത്തുകയും കുറെ ഫണ്ടുകൾ ഈ പദ്ധതിക്കായി വിനിയോഗിക്കുകയും ചെയ്തിരുന്നുവെങ്കിലും പലവിധമായ കാരണങ്ങളാൽ പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കപ്പെടാതെ പോവുകയായിരുന്നു. തുടർ സന്ദർശനം നടത്തി ചികിത്സാ സഹായത്തിനും മറ്റുമുള്ള നിലവിലുള്ള പട്ടികയിൽ ഉൾപ്പെട്ടവരിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ധനസഹായം നൽകുക മാത്രണ് നിലവിലുള്ള ആശ്രയ പദ്ധതിയിൽ ചെയ്യാനുള്ളത്. ചാലഞ്ച് ഫണ്ട് മാത്രമാണ് ആശ്രയ പദ്ധതിയിൽ വിനിയോഗിക്കാനുള്ളത്. പുതുതായി സർവ്വേ നടത്തി ക്ലേശ്ശഘടകങ്ങൾ അടിസ്ഥാനമാക്കി വിവിധ ആവശ്യങ്ങൾക്കർഹരായവരെ കണ്ടെത്തി പുതിയ ആശ്രയ പദ്ധതി സാധ്യമാക്കിയെങ്കിൽ മാത്രമേ അവശവിഭാഗങ്ങൾക്ക് പൂർണ്ണമായ പ്രയോജനം ലഭ്യമാക്കാനാവുകയൊള്ളു. ഇതിന് കുടുംബശ്രീ ജില്ലാമിഷന്റെ പ്രത്യേക താലപര്യം ആവശ്യമാണ്. വിവിധ കാലങ്ങളിൽ പല വകുപ്പുകൾ മുഖേനയും ജില്ലാ-ബ്ലോക്ക്- ഗ്രാമപഞ്ചായത്തുകൾ മുഖേന വിനിയോഗിച്ചും പലപേരുകളിലുള്ള ഭവനനിർമ്മാണ പദ്ധതികളിലായി ഏറെ പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണത്തിന് ധനസഹായത്തിനായി അപേക്ഷകരുടെ എണ്ണം കൂടിവരികയാണ്.

സമൂഹത്തിൽ താഴെ തട്ടിൽ കിടക്കുന്നവരുടെ ആരോഗ്യ സ്ഥിതി പഠന സൗകര്യങ്ങൾ എന്നിവ ഇനിയും മെച്ചപ്പെടാനുണ്ട്.കാർഷിക മേഖലയിലും, ചെറുകിട വ്യവസായ രംഗത്തും സ്വാശ്രയസംഘങ്ങൾ മുഖേനയുള്ള സംരഭങ്ങൾ ഉണ്ടാകുന്നില്ല.

നില നിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത അവക്കുള്ള കാരണങ്ങൾ

1. സമൂഹത്തിൽ ഉള്ളവനും ഇല്ലാത്തവനും ഉള്ള അന്തരം വർദ്ധിച്ച് വരുന്നു
2. അണുകുടുംബ വ്യവസ്ഥിതിയും പരമ്പരാഗതമായി ലഭിക്കാനുള്ള ഭൂമിയില്ലാതെ വരികയും കെട്ടിട നിർമ്മാണ ചെലവിലുണ്ടായ അത്ഭുത

പൂർവ്വമായ വർദ്ധനവും ദരിദ്ര്യ ജനവിഭാഗങ്ങലുടെ സ്ഥിതി കഷ്ടത്തിലാക്കുന്നു.

3. കമ്പോള വ്യവസ്ഥിയും ഉപഭോഗ സംസ്ക്കാരവും ജീവിത ശൈലിയിൽ വരുത്തുന്ന മാറ്റങ്ങൾ ജീവിത ചെലവ് വർദ്ധിക്കുന്നതിന് കാരണമാകുന്നു.

പ്രശ്നപരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

1. കുടുംബശ്രീ സംവിധാനം മെച്ചപ്പെടുത്തുക
2. ഭവനനിർമ്മാണം, ഭവനങ്ങളുട പുനരുദ്ധാരണം എന്നീ ആവശ്യങ്ങൾക്ക് ധനസഹായം ലഭ്യമാക്കുക.
3. സ്വാശ്രയ സംഘങ്ങൾ മുഖേന കാർഷികമേഖലയിലും ചെറുകിട വ്യവസായ മേഖലകളിലും ഫലപ്രദമായ പദ്ധതികൾ നടപ്പിലാക്കുക.

പട്ടികജാതി വികസനം

നിലവിലുള്ള അവസ്ഥ.

2011 ലെ സെൻസസ് പ്രകാരം 6719 ആണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ജനസംഖ്യ. ഇതിൽ 3314 സ്ത്രീകളും 3405 പുരുഷൻമാരുമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനായി ഭവനിർമ്മാണം, ഭവന പുനരുദ്ധാരണം, വിവാഹ ധനസഹായം, കിണർ നിർമ്മാണം, വീട് വെക്കുന്നതിന് ഭൂമി ഇല്ലാത്ത കുടുംബങ്ങൾക്ക് ഭൂമി വാങ്ങൽ, സൈക്കിൾ വിതരണം, ലാപ്പ്ടോപ്പ് വിതരണം എന്നീ ധനസഹായങ്ങൾ നൽകിയിട്ടുണ്ട്.

മുൻകാലങ്ങളിൽ പട്ടികജാതി വികസന വകുപ്പ് മുഖേന ഭവനനിർമ്മാണത്തിന് നൽകുന്ന ധനസഹായവും, ഗ്രാമപഞ്ചായത്ത് മുഖേന നൽകുന്ന ധനസഹായവും തമ്മിൽ ഏറെ അന്തരമുണ്ടായതിനാൽ പഞ്ചായത്ത് ഭവനനിർമ്മാണത്തിനായി നിക്കി വെച്ച ഫണ്ടുകൾ ചെലവഴിക്കാനാവാതെ പോവുകയും പഞ്ചായത്തിനുള്ള വിഹിതത്തിൽ ഷോർട്ഹാൾ ഉണ്ടാവാനും ഇടയായിട്ടുണ്ട്. ഇന്ന് ഈ അന്തരം മാറിയിരിക്കുന്നു.

നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത അവക്കുള്ള കാരണങ്ങൾ

സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പട്ടികജാതിയിൽപ്പെട്ട വനിതകൾക്കായി തുടങ്ങിയ പ്രിന്റിംഗ് പ്രസ്സ് വർഷങ്ങളായി പ്രവർത്തിക്കുന്നില്ല.

സ്ത്രീകളുടെ കൂട്ടായ്മയിൽ തുടങ്ങിയ സ്ഥാപനം കാര്യക്ഷമമായി നടത്തികൊണ്ട് പോകുന്നതിന് സാധിക്കാതെ പോയതാണ് ഈ അവസ്ഥക്ക് കാരണമായിട്ടുള്ളത്.

സാമൂഹ്യപരമായ പിന്നോക്കാവസ്ഥ ഏറെമാറിയിട്ടുണ്ടെങ്കിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഇനിയും വിദ്യാഭ്യാസ രംഗത്തും മറ്റും ഇനിയും പുരോഗതി കൈവരിക്കേണ്ടതുണ്ട്. മറ്റ് ദരിദ്ര്യ വിഭാഗങ്ങളെപ്പോലെ പട്ടികജാതി വിഭാഗത്തിനും ഭവനിർമ്മാണത്തിനും ധനസഹായത്തിന് ആവശ്യക്കാർ ഏറെയാണ്. പലർക്കും വീട് വെക്കുന്നതിനും ഭൂമിയും സ്വന്തമായില്ല. .

പട്ടികജാതിക്കാർ ഉപയോഗിക്കുന്ന ശ്മശാനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. യാറത്തുംപടിയിലും, പൂളക്കൽ പുറായിലുമുള്ള ശ്മശാനങ്ങൾക്ക് ശവം സംസ്ക്കരിക്കുന്നതിന് മുമ്പ് വെക്കുന്നതിനും, ജനങ്ങൾക്ക് ഇരിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഇന്നില്ല. വലിയപറമ്പ് പട്ടികജാതി വിഭാഗക്കാരുടെ ശ്മശാനത്തിൽ കിണറില്ല.

പ്രശ്നപരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്കൂൾ കുട്ടികൾക്ക് സൈക്കിൾ അനുവദിക്കുക
2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് സ്വാശ്രയ സംഘങ്ങൾ
3. ഭവനരഹിതർക്ക് ഭവനം
4. ഭൂരഹിത ഭവനരഹിതർക്ക് സ്ഥലവും, വീടും
5. കിണർ ഇല്ലാത്ത കുടുംബങ്ങൾക്ക് കിണർ നിർമ്മാണത്തിന് ധനസഹായം
6. പട്ടികജാതി ശ്മശാനങ്ങൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക
7. പട്ടിക ജാതി ശ്മശാനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
8. എല്ലാ പട്ടിക ജാതി ശ്മശാനങ്ങളിലും കിണർ നിർമ്മാണം
9. പട്ടിക ജാതി ശ്മശാനങ്ങളിൽ ഷെഡ്

സാമൂഹ്യ ക്ഷേമം

ഇന്നത്തെ അവസ്ഥ

1. അങ്കണവാടികൾ
2. അങ്കണവാടികളുടെ എണ്ണം, സൗകര്യങ്ങൽ, കുട്ടികളുടെ എണ്ണം സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി പട്ടികരൂപത്തിൽ കൊടുത്തിരിക്കുന്നു.
3. പഞ്ചായത്തിൽ ശാരീരികവും മാനസികവും വെല്ലുവിളികൾ നേരിടുന്ന നിരവധി കുട്ടികളും, മുതിർന്നവരും ഉണ്ട്. ഇവർക്കെല്ലാം പെൻഷൻ നൽകി വരുന്നുണ്ട്

4. പദ്ധതിയിൽ ഉൾപ്പെടുത്തി ശാരീരികവും മാനസികവും വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത അവക്കുള്ള കാരണങ്ങൾ

1. ശാരീരികവും മാനസികവും വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മാത്രമായി ഒരു സ്കൂൾ നിലവിൽ ഇല്ല.
2. ഇവയ്ക്ക് ഫിസിയോതെറാപ്പി ചെയ്യുന്നതിനും, മാനസികോല്ലാസം പകരുന്നതിനും പ്രത്യേക പരിചരണം നൽകുന്നതിനുള്ള കേന്ദ്രങ്ങൾ ഇല്ല
3. കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഭൂമിയുടെ വില വർദ്ധനവ് കാരണമാകുന്നു.

പ്രശ്നപരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

1. സ്വന്തമായി സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലവും കെട്ടിടവും.
2. അങ്കണവാടിക്ക് മുകളിൽ ഗ്രാമസഭാ മന്ദിരം
3. നിലവിലുള്ള അങ്കണവാടി അറ്റകുറ്റപണി
4. ശാരീരികവും മാനസികവും വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പഠനകേന്ദ്രവും, ഫിസിയോതെറാപ്പി, ശ്രവണശേഷി കുറഞ്ഞ കുട്ടികൾക്കുള്ള പ്രത്യേക പരിചരണം, കൗൺസലിംഗ്, മാനസിക ഉല്ലാസത്തിനുള്ള ഉപാധികൾ, എന്നിവയോട് കൂടി പരിചരണ കേന്ദ്രം സ്ഥാപിക്കൽ

സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ

ക്രമ നമ്പർ	സെന്റർ നം	അങ്കണവാടിയുടെ പേര്	വാർഡ് നം
1	79	കുന്നുംപുറം വലിയപീടിക	7
2	80	പൊരിയേങ്ങൽ	6
3	83	കുറ്റൂർ നോർത്ത്	8
4	85	പാലമഠതതിൽചിന, പത്രാട്ട്പാറ	9
5	87	പുതിയത്തുപ്പുറായ	4
6	88	കളത്തിങ്ങൽപുറായ, പുകയൂർ	2
7	89	യാറത്തുംപടി	4
8	90	മുക്കിൽപീടിക ആലുങ്ങൽപറമ്പ്	3

9	93	വലിയപറമ്പ്	1
10	95	പാലാന്തറ അരീത്തോട്	21
11	96	കൊളപ്പുറം നോർത്ത്	15
12	98	ഇരുമ്പുചോല ലക്ഷംവീട് കോളനി	20
13	99	വികെപടി	14
14	101	മമ്പുറം നോർത്ത്	20
15	105	മമ്പുറം സൗത്ത്	19
16	107	കൊളപ്പുറം സൗത്ത്	17
17	108	കൂമംചിന	16
18	110	ഉള്ളാട്ട്പറമ്പ്	13
19	113	ഏ ആർ നഗർ ബസാർ	11
20	114	ചെണ്ടപ്പുറായ	12
21	116	പത്രാട്ട്പാറ കാരച്ചിന	10
22	104	തടത്തിൽ കേളനി	19
23	91	കൊട്ടംചാൽ	3
24	82	കക്കാടംപുറം	8
25	109	കൊളപ്പുറം സബ്സെന്റർ	11

സ്വന്തം കെട്ടിടമില്ലാത്ത പ്രവർത്തിക്കുന്ന അങ്കണവാടികൾ

ക്രമ നമ്പർ	**സെന്റർ നം**	**അങ്കണവാടിയുടെ പേര്**	**വാർഡ് നം**
26	78	കല്ലാക്കൻതൊടി, കുന്നുംപുറം	7
27	81	ഊക്കത്ത് കുന്നുംപുറം	9
28	84	കുഴിച്ചെന	5
29	86	കുണ്ടിൽപ്പാറ	4
30	92	പുകയൂർ കുന്നത്ത്	2
31	94	വലിയപറമ്പ്	1
32	97	അരീത്തല	15
33	100	കണ്ടൻമാട്	21
34	102	മൂക്കമ്മൽ മമ്പുറം	20

35	103	വെട്ടത്ത് പീടിക	19
36	106	കൊളപ്പുറം പുതിയത്	18
37	111	ടിപ്പുനഗർ വികെപടി	14
38	112	ഈന്തുംചാൽ, ചെണ്ടപ്പുറായ	12
39	115	കുഴിയാട്ടിൽ ചെണ്ടപ്പുറായ	10
40	117	പൊറ്റാണിൽ പുകയൂർ	2

വനിതാശിശു വികസനം

ഇന്നത്തെ അവസ്ഥ

വനിതാ ശിശുവികസന രംഗത്ത് അങ്കണവാടികൾ മുഖേനയുള്ള പോഷകാഹാര വിതരണവും മറ്റുസേവനങ്ങളുമാണ് പ്രധാനമായും നടക്കുന്ന പ്രവർത്തനങ്ങൾ. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സ്ത്രീ തൊഴിലാളികൾ സജീവമായി പങ്കെടുക്കുന്നു. കുടുംബശ്രീ സംവിധാനത്തിൽ ഇന്ന് കൂറേ സ്ത്രീ വിവിധ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. എങ്കിലും തൊഴിൽ രംഗത്തും പൊതു പ്രവർത്തന മേഖലകളിലും ഇനിയും സ്ത്രീകളുടെ കൂടുതലായ പങ്കാളിത്തം ഉണ്ടാവേണ്ടതുണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത അവക്കുള്ള കാരണങ്ങൾ

1. സമൂഹത്തിൽ ഇന്നും നിലനിൽക്കുന്ന സ്ത്രീ പുരുഷ പദവിയിലുള്ള വ്യത്യാസം
2. സമൂഹത്തിൽ പൊതുവേ നിലനിൽക്കുന്ന അരക്ഷിതാവസ്ഥ കാരണം സ്ത്രീകളും കുട്ടികളും പൊതു സ്ഥലങ്ങളിൽ വേണ്ടത്ര സുരക്ഷിതരല്ലാ എന്ന തോന്നൽ

പ്രശ്നപരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും.

- അങ്കണവാടികളും വിദ്യാലങ്ങളും കേന്ദ്രീകരിച്ച് കൗമാരക്കാരായ പെൺക്കുട്ടികൾക്കും അമ്മമാർക്കും പ്രത്യേക കൗൺസിലിംഗ് നടത്തുന്നതിനുള്ള സംവിധാനം
- പെൺക്കുട്ടികൾ, പ്രത്യേകിച്ച് കൗമാരക്കാരായ പെൺകുട്ടികൾ വനിതകളായ അദ്ധ്യാപകർ, ഉദ്യോഗസ്ഥർ, പൊതു പ്രവർത്തകർ ഉൾപ്പെടെയുള്ള സ്ത്രീ സമൂഹത്തിന് സ്കൂളുകളിലും അങ്കണവാടികളിലും

പൊതുസ്ഥലങ്ങളിലും മതിയായ ശുചിത്വ സൗകര്യത്തോട് കൂടിയ മൂത്രപ്പുരകളും, ശൗചാലയങ്ങളും, ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റുകളും ഏർപ്പെടുണ്ടതാണ്.

- വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, മറ്റു രീതിയിൽ അശരണരായവർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ, അവിവാഹിതരായ സ്ത്രീകൾ, സാമ്പത്തിക പരാധീനത മൂലം പെൺകുട്ടികളെ വിവാഹം കഴിച്ചയക്കാൻ പാടുപ്പെടുന്ന അച്ഛനമ്മമാർ, എന്നിവർക്ക് ഗുണകരമായ പദ്ധതികൾ പ്രോജക്ടിൽ ഉൾപ്പെടുത്തുക
- പാവപ്പെട്ട വിധവകളുടെ പെൺക്കുട്ടികൾക്കുള്ള വിവാഹ ധനസഹായം നൽകുന്നതിന് സർക്കാർ പദ്ധതികൾ ഉണ്ട്. പട്ടിക ജാതി വിഭാഗത്തിൽ പ്പെട്ട പെൺക്കുട്ടികൾക്ക് പട്ടിക ജാതി വികസന വകുപ്പ് മുഖേനയും, ധനസഹായം നൽകി വരുന്നുണ്ട്. മേൽ ഖണ്ഡികയിൽ കാണിച്ച പ്രകാരം അശരണായ വനിതകളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും, ഭവനനിർമ്മാണത്തിനും ഭവനപുനരുദ്ധാരണത്തിനും പദ്ധതികൾ ആവിഷ്ക്കരിക്കുക.
- സ്ത്രീ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് സംഘകൃഷി, കാർഷികയന്ത്രോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വൈദഗ്ദ്യം നൽകുന്നതിനുള്ള പദ്ധതികൾ, ലേബർ ബാങ്ക് മറ്റു തൊഴിൽ സംരംഭങ്ങൾ എന്നിവ സംഘടിപ്പിക്കുക.
- കുന്നുംപുറം വനിത വ്യവസായകേന്ദ്രത്തിന് മുകളിൽ ഹാൾ നിർമ്മിച്ച് ഉപയോഗ പ്രദമാക്കുക.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആരംഭഘട്ടങ്ങൾ നടന്ന് വരികയാണ്. മുൻവർഷങ്ങളിൽ പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളുടെ സംഗ്രഹം അനുബന്ധമായി ചേർത്തിരിക്കുന്നു.

വികസന സാധ്യതകൾ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.

വിദ്യാഭ്യാസം കലാ-കായിക വികസനം സംസ്കാരം

ഇന്നത്തെ അവസ്ഥ

1. വിദ്യാഭ്യാസം

വിദ്യാഭ്യാസം രംഗത്ത് കാതലായ മാറ്റം വരുത്തുന്നതിന് കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിലെ പ്രവർത്തനം ഉപകരിച്ചിട്ടുണ്ട്. സർക്കാറിന്റെ ഉടമസ്ഥതയിലുള്ള സർക്കാർ സ്കൂളുകൾ താഴെ കാണിച്ചവയാണ്.

- ജിഎൽപിഎസ് പുകയൂർ
- ജിഎംഎൽപിഎസ് മമ്പുറം
- ഗവ. ഹൈസ്കൂൾ കൊളപ്പുറം
- ജിയുപിഎസ് കക്കാടംപുറം

മമ്പുറം സ്കൂൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജിയുപിഎസ് കക്കാടംപുറം ആദ്യം വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്, ഇപ്പോൾ പഞ്ചായത്ത് സ്വന്തമായി സ്ഥലം വാങ്ങുകയും അവിടെ സ്കൂൾ പണിയുകയും ചെയ്തത് വിദ്യാഭ്യാസ രംഗത്തെ വളരെ നല്ലൊരു നേട്ടമായി കാണുന്നു. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 2 എയ്ഡഡ് യുപി സ്കൂളുകളും, 1 ഹയർസെക്കണ്ടരി സ്കൂളുമാണ് പഞ്ചായത്തിൽ നിലവിൽ ഉള്ളത്. ഇത് കൂടാതെ ഇംഗീഷ് മീഡിയത്തിലുള്ള പഠന സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളുമാണ് പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൽ.

പഞ്ചായത്തിൽ പോപ്പുലർ ലൈബ്രറി കെട്ടിടത്തിൽ ഒരു സാക്ഷരതാ കേന്ദ്രം പ്രവർത്തിക്കുന്നു. തുടർ സാക്ഷരതാ പദ്ധതിയിൽ പഠിതാക്കൾ ഉണ്ട്. ഒരു സാക്ഷരത പ്രേരക് ജോലി ചെയ്യുന്നു. കലാ-കായിക രംഗങ്ങളിൽ വിവിധ ക്ലബുകളും, വായനശാലകളും പ്രവർത്തിക്കുന്നു. രജിസ്റ്റർ ചെയ്ത് ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ, ലൈബ്രറികൾക്ക് പത്ര-മാസികകൾ, എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

<u>നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത അവക്കുള്ള കാരണങ്ങൾ</u>

വിദ്യാലയങ്ങളിൽ പഠന പ്രവർത്തനങ്ങൾക്ക് മികവേകുന്നതിന് തുടർച്ചയായ പ്രവർത്തനങ്ങൽ ആവശ്യമായി വരുന്നു. വിദ്യാലയങ്ങളിൽ അടിസഥാന സൗകര്യങ്ങൾ ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. വിദ്യാലയങ്ങളിലെ മാലിന്യമുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ശുചിത്വ ബോധം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പ്രവർത്തനങ്ങൾ ആവശ്യമായി വരുന്നു. ശുചിത്വമുള്ള അടുക്കളയും പരിസരങ്ങളും ആവശ്യമായിരിക്കുന്നു. സമ്പൂർണ്ണ ശുചിത്വമുള്ള മൂത്രപുരകളും, ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റുകളും നിർമ്മിക്കേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികളിൽ പരിസ്ഥിതി

സംരക്ഷണത്തെക്കുറിച്ചും, പാരിസ്ഥിതിക ശുചിത്വത്തെപ്പറ്റിയും ബോധവന്മാരാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിരിക്കുന്നു.

പ്രശ്നപരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും.

പദ്ധതി ആസൂത്രണം പ്രോജക്ട് തയ്യാറാക്കൽ എന്നിവയിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പൂർണ്ണമായ ഉത്തരവാദിത്വമാണ് ഉള്ളത്. വിദ്യാഭ്യാസ മേഖലകളിൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമാക്കി കൊണ്ട് മികച്ച പ്രോജക്ടുകൾക്ക് രൂപം നൽകാൻ സാധിക്കണം. ഈ മേഖലയിൽ കൂടുതൽ മുൻഗണന കൊടുക്കേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി പ്രോജക്ടുകൾ തയ്യാറാക്കുക വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക സ്വഭാവമുള്ളതും, മറ്റു വിഷയമേഖലകളിൽ തയ്യാറാക്കേണ്ടതും ഒഴികെയുള്ള പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെയാണ് വർക്കിംഗ് ഗ്രൂപ്പ് കൺവീനർ ഇതിനായി കൂട്ടായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും, അർപ്പണ മനോഭാവം ഏറെ ആവശ്യമാണ്. അദ്ധ്യാപകർ സംഗമങ്ങൾ ഒരുക്കിയും, കൂട്ടായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

ഈ മേഖലയിൽ കായിക മേഖലയിൽ നടപ്പിലാക്കുന്നതിനു ഉയർന്ന് വന്നിട്ടുള്ള ആവശ്യങ്ങൾ താഴെകൊടുത്തിരിക്കുന്നു.

- കളി സ്ഥലം നിർമ്മാണവും വിപുലീകരണവും.
- മിനിസ്റ്റേഡിയം നന്നാക്കലും ഗ്യാലറി നിർമ്മാണവും ചുറ്റുമതിലും
- സ്കൂളുകളിൽ നിന്ന് പലകാരണങ്ങളാൽ പഠനം മതിയാക്കി പോയ വിദ്യാർത്ഥികളെ കണ്ടെത്തി തുടർ പഠനത്തിന് അവസരം ഒരുക്കുക.

പദ്ധതി കാലയളവിലും മുൻവർഷവും പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളും അവയുടെ നേട്ട കോട്ടങ്ങളും

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആരംഭഘട്ടങ്ങൾ നടന്ന് വരികയാണ്. മുൻവർഷങ്ങളിൽ പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളുടെ സംഗ്രഹം അനുബന്ധമായി ചേർത്തിരിക്കുന്നു. വികസന സാധ്യതകൾ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.

ആരോഗ്യം

ഇന്നത്തെ അവസ്ഥ

പഞ്ചായത്തിൽ അലോപ്പതി, ആയുർവേദം, ഹോമിയോ ചികിത്സകൾക്ക് സർക്കാർ ആശുപത്രികളിൽ നിന്നുള്ള സേവനം ലഭ്യമാണ്. ഇവ കൂടാതെ കുന്നുപുറത്തുള്ള അറളപറമ്പ് പട്ടികജാതി കോളനിയിലെയും, സമീപ

കോളനിയിലെ നിവാസികൾക്കായി ഒരു ഹോമിയോ ഡിസ്പെൻസറി കൂടി പ്രവർത്തനമാരംഭിച്ചിരിക്കുന്നു. കൂടാതെ ആരോഗ്യ പ്രവർത്തകർ, ആശാവർക്കർമാർ, എന്നിവരുടെ സേവനവും ലഭ്യമാണ്. വാർഡുതല സാനിറ്റേഷൻ സമിതികളും നിലവിലുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം വൃദ്ധർക്കുള്ള കട്ടില് വിതരണം നടത്തുകയും ചെയ്തു, അതുപോലെ വൃദ്ധൻമാരുടെയും രോഗികളുടെയും ആരോഗ്യ സംരക്ഷണത്തിന് വർഷം തോറും പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നുണ്ട്.

<u>നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത അവക്കുള്ള കാരണങ്ങൾ</u>

ഇന്ന് ഈ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ജനങ്ങളുടെ ശുചിത്വബോധമില്ലായ്മയാണ്. വ്യക്തിശുചിത്വം പാലിക്കുമെങ്കിലും പരിസരശുചിത്വം കാത്ത് സൂക്ഷിക്കുന്നതിൽ പലരും വിമുകരാണ്. അന്യന്റെ ഭൂമിയിലും, വഴിയരികിലും, ജലാശയങ്ങളിലും ജൈവ അജൈവ മാലിന്യങ്ങൾ കൊണ്ടിടുന്നത് ഇന്നൊരു ശീലമായി മാറിക്കഴിഞ്ഞിരിക്കുന്നു. രാത്രി കാലങ്ങളിൽ ഇത്തരം മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന സാമൂഹ്യ വിരുദ്ധരുടെ സംഘം തന്നെ രൂപപ്പെട്ട് വരുന്നു. ഇത്തരം മാലിന്യങ്ങൾ തള്ളുന്നത് സാമൂഹ്യ വിരുദ്ധർക്കെതിരെ ജാഗ്രതസമിതികൾ രൂപീകരിച്ച് ഉറക്കമൊഴിച്ച് കാവലിരിക്കേണ്ട അവസ്ഥയാണ് പലയിടത്തും ഉള്ളത്,

പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടാക്കി കൊണ്ടിരിക്കുന്നത്. മഴക്കാലം ആരംഭിക്കുമ്പോൾ തന്നെ മുമ്പില്ലാത്ത പകർച്ചവ്യാധികൾ പെരുകുന്നത് ഇത് കാരണമകുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ആരോഗ്യ രംഗത്തെ പ്രവർത്തകർക്ക് ഏറെ അദ്ധ്വാനം ഉണ്ടാവുന്നതോടൊപ്പം പൊതുപണം ഏറെ വിനിയോഗിക്കേണ്ടതായി വരുന്നു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സാനിറ്റഷൻ സമിതികൾ നിലവിലുണ്ട്. മാലിന്യ നിർമ്മാർജ്ജന രീതികൾ ജനങ്ങളെ പരിചയപ്പെടുത്തുകയും മാലിന്യങ്ങളെ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനും ഉള്ള പദ്ധതികൾ ആവശ്യമാണ്.

ഗുരുതരമായ രോഗം ബാധിച്ച് വേദന അനുഭവിക്കുന്നവർക്കായി പാലിയേറ്റീവ് പരിചരണം ആവശ്യമാണ്. രോഗ പ്രതിരോധ പ്രവർത്തനങ്ങളും, വിവിധ ഭാഗങ്ങളിൽ എത്തിച്ചേർന്ന് നടത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിലും പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ വാഹനമോ, ആംബുലൻസോ സർക്കാർ സ്ഥാപനങ്ങൾക്ക് ഇല്ല.

<u>പ്രശ്നപരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും.</u>

- വാർഡ് തല സാനിറ്റേഷൻ സമിതികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുക.
- ഹരിത കർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതമാക്കുക.
- നിയമനടപടികൾ കർശനമാക്കുന്നതിനുപുറമെ പൊതു സ്ഥലം മാലിന്യ നിക്ഷേപ കേന്ദ്രങ്ങളാക്കുന്ന സാമൂഹ്യ തിന്മകൾക്കെതിരെ ജനകീയ ബോധവല്ക്കരണവും, സ്റ്റഡി ക്ലാസുകളും സംഘടിപ്പിക്കുക.
- സന്നദ്ധ പ്രവർത്തകർ, സംഘടനകൾ, വ്യാപാരികൾ, വ്യവസായകർ, ക്ലബുകൾ, ലൈബ്രറികൾ, എന്നിവർ ലാഭേച്ച കൂടാതെ ഇത്തരം പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാവുക. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനുള്ള സജീകരണങ്ങൾ കൂട്ടായ പ്രവർത്തനത്തിലൂടെ സംഘടിപ്പിക്കുക.
- പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, മുതലായവയുടെ ഉപയോഗത്തിനെതിരായ ബോധവൽക്കരണപ്രവർത്തനങ്ങൾ
- സ്കൂളുകളിൽ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- വീടുകളിൽ പൈപ്പ് കമ്പോസ്റ്റ്, മറ്റു രീതിയിലുള്ള കമ്പോസ്റ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുക
- രോഗപ്രതിരോധ പ്രവർത്തനങ്ങൾ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുക.
- പാലിയേറ്റീവ് പരിചരണത്തിനുള്ള പ്രോജക്ട് തയ്യാറാക്കുക
- വൃദ്ധർ, വികലാംഗർ എന്നിവരുടെ ക്ഷേമത്തിനുള്ള പദ്ധതികൾ തയ്യാറാക്കുക.
- മാനസിക, ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് ആരോഗ്യ പരിചരണവും, പഠനത്തിന് പ്രത്യേക കേന്ദ്രം സ്ഥാപിക്കുക.

കുടിവെള്ളം

ഇന്നത്തെ അവസ്ഥ.

നേരത്തെ ആരംഭിച്ച ചില കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃത സമിതികൾ ഏറ്റെടുത്ത് നടത്തി വരുന്നു. എന്നാൽ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച പല പദ്ധതികളും ഇന്നും പല കാരണങ്ങളാൽ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദീഭവിച്ചിട്ടുണ്ടെങ്കിലും അവ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു. ചില കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾ നേരിട്ടും, മറ്റു ചിലത് കോരളാ വാട്ടർ അതോറിറ്റിയിൽ

ഡെപ്പോസിറ്റ് ചെയ്ത് പ്രവർത്തികളായി തുടരുന്നതാണ്. കഴിഞ്ഞ പല വർഷങ്ങളായി വാർഡുകൾ തോറും ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം നടത്തുന്നുണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത അവക്കുള്ള കാരണങ്ങൾ

പല കുടിവെള്ള പദ്ധതികളും വർഷങ്ങളായി തുടരുന്നു. ഘട്ടംഘട്ടമായി പദ്ധതികൾ രൂപീകരിക്കുക വഴി ഓരോ പ്രവൃത്തി അവസാനിക്കുമ്പോഴും തുടർ പ്രവർത്തനങ്ങൾക്ക് കാലവിളമ്പം ഉണ്ടായിട്ടുള്ളതുംപഞ്ചായത്തിൽ സാങ്കേതിക വിഭാഗം തസ്തികകളിൽ സ്ഥിരം ഉദ്യോഗസ്ഥരല്ലാതെ വന്നതും പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്ന ഗുണഭോക്തൃ സമിതികളുടെ അജ്ഞതയും കാലതാമസത്തിന് കാരണങ്ങളാണ്.

പ്രശ്നപരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും.

1. പഞ്ചായത്തിലെ മൊത്തത്തിലുള്ള കുടിവെള്ള വിതരണത്തിനായി കോരളാ വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തി വരുന്ന കുടിവെള്ള പദ്ധതിയിൽനിന്നും പഞ്ചായത്തിലെ കുടിവെള്ള ദൗർലഭ്യമുള്ള പലഭാഗങ്ങളിലേക്കും പട്ടികജാതി വിഭാഗങ്ങൾ താമസിക്കുന്ന കോളനികളിലേക്കും പൈപ്പ് ലൈൻ നീട്ടി വെള്ളമെത്തിക്കുന്നതിന് വേണ്ട നിരവധി ആവശ്യങ്ങളാണ് ഗ്രാമസഭകളിൽ നിന്നും പ്രവർത്തന സമിതികളിൽ നിന്നും ഉണ്ടായിട്ടുള്ളത്.
2. പൂർത്തിയാകാത്ത കുടിവെള്ള പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കുക എന്നത് പൊതുവായ ആവശ്യം.
3. പൈപ്പ് ലൈൻ എത്താത്ത വാർഡുകളിലേക്ക് പൈപ്പ് ലൈൻ എത്തിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക
4. കുടിവെള്ള ലഭ്യതക്ക് വേണ്ടി കിണർ റീചാർജ്ജിംഗ് പദ്ധതികൾ നടപ്പിലാക്കുക
5. മഴവെള്ളം ഒഴുകി പോവാതെ മണ്ണിൽ സംരക്ഷിക്കുന്നതിന് വേണ്ടി മഴക്കുഴികളുടെ നിർമ്മാണം

പൊതുമരാമത്ത്

ഇന്നത്തെ അവസ്ഥ

ജനകീയാസൂത്രണ പദ്ധതികൾ നിലവിൽ വരുന്നതിന് വളരെ മുമ്പ് തന്നെ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന നിരവധി റോഡുകൾ നിർമ്മിക്കപ്പെട്ടിരുന്നു. ജനകീയാസൂത്രണ പദ്ധതികളുടെ ഭാഗമായി റോഡുകൾ

ചെയ്തും, അരിക് കെട്ടിസംരക്ഷിച്ചും, ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ പുതിയ റോഡുകൾ നടപ്പാതകൾ, എന്നിവ കഴിഞ്ഞ പഞ്ചവത്സര പദ്ധതികാലങ്ങളിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്.

ഫണ്ടിന്റെ അപര്യാപ്തതയും പഞ്ചായത്തിലെ റോഡുകളുടെ മൊത്തം ദൈർഘ്യ കൂടുതൽ കാരണവും വികസന കാര്യത്തിൽ പ്രദേശിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന്റെ ഭാഗമായി മിക്ക റോഡുകളും ഘട്ടംഘട്ടമായിട്ടാണ് നന്നാക്കി വരുന്നത്. തന്മൂലം ഒരുപാട് റോഡുകൾ കുറേ ഭാഗം നന്നായും നേരത്തെ നന്നാക്കിയ ഭാഗങ്ങൾ പലതും വാഹനങ്ങളുടെ സഞ്ചാരവും, കാലവർഷകെടുതികളും മഴവെള്ളം ഒഴുകി പോകുന്നതിനുള്ള ചാലുകൾ ഇല്ലാത്തതും മറ്റുമുള്ള കാരണങ്ങളാൽ കേടുവന്ന അവസ്ഥയിലുമാണ്. പൊതു കെട്ടിടങ്ങൾ പലതും മെയിന്റനൻസ് ഗ്രാന്റും, മറ്റു ഫണ്ടുകളും ഉപയോഗിച്ച് അറ്റകുറ്റ പണികൾ നടത്തിയിട്ടുണ്ട്. എങ്കിലും അങ്കണവാടികളിലും വനിത വ്യവസായ കേന്ദ്രത്തിലും ഉള്ള കെട്ടിടങ്ങളും ഗ്രാമസഭ കേന്ദ്രങ്ങളായും വനിതാശാക്തീകരണ കേന്ദ്രങ്ങളായും മാറ്റത്തക്കവിധം കൂടുതൽ സൗകര്യപ്പെടുത്തേണ്ടതുണ്ട്.

<u>നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത അവക്കുള്ള കാരണങ്ങൾ</u>

- പഞ്ചായത്തിൽ വേണ്ടത്ര സാങ്കേതിക ജീവനക്കാർ കാലാകാലങ്ങളിൽ ഇല്ലാത്തതും, താല്ക്കാലികമായി നിയമിക്കപ്പെടുന്നവർ പലർക്കും ജോലി പരിചയം കുറവായതും ഈ മേഖലയിലെ കഴിഞ്ഞ കാല പ്രവർത്തനങ്ങളിൽ മന്ദീഭവിക്കുന്നതിന് കാരണമായിട്ടുണ്ട്.
- ഗ്രാമപ്രദേശത്തെ റോഡുകളുടെ ബാഹുല്യവും ചെരിഞ്ഞ പ്രദേശങ്ങളിലുള്ള റോഡുകൾക്ക് നീർച്ചാലുകൾ ഇല്ലാത്ത് കാരണം കേടുവരുന്ന അവസ്ഥയും ഇത് പരിഹരിക്കുന്നതിന് മതിയായ ഫണ്ടില്ലാതെ വരുന്നതും പ്രധാന പ്രശ്നമാണ്.

<u>പ്രശ്നപരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും.</u>

- വിവിധ പ്രദേശങ്ങളിലെ കേട് വന്ന റോഡുകൾ നന്നാക്കി ഗതാഗതയോഗ്യമാക്കണം.
- അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടങ്ങൾ നിർമ്മിക്കുക

<u>തൊഴിലുറപ്പുമായി ബന്ധിപ്പിക്കുന്ന പദ്ധതികൾ.</u>

1. പട്ടിശ്ശേരി തോട് പുനരുദ്ധാരണം നടത്തുക.

2. പോത്തുംകുവി തോട് പുനരുദ്ധാരണം നടത്തുക
3. പട്ടികജാതി/ബിപിഎൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കിണർ നിർമ്മാണം
4. ഏനാവൂർ പാടത്ത് തോട് പുനരുദ്ധാരണം
5. തരിപ്പയിൽ കൈത്തോട് പുനരുദ്ധാരണം
6. കൊളപ്പുറം വലിയതോട് പുനരുദ്ധാരണം നടത്തുക
7. സംഘകൃഷിക്ക് നിലം ഒരുക്കുക.
8. തരിശുഭൂമി കൃഷിയോഗ്യമാക്കിമാറ്റുക
9. ഭൂവികസന പ്രവർത്തനങ്ങൾ നടത്തുക
10. മഴക്കുഴി നിർമ്മാണം നടത്തുക
11. കിണർ റീചാർജ്ജിംഗ് നടത്തുക
12. സർക്കാർ തലത്തിൽ ധനസഹായം ലഭിച്ച വീടുകൾക്ക് അവിദഗ്ധ തൊഴിൽ പ്രദാനം ചെയ്യുക
13. .കക്കൂസ് നിർമ്മാണം നടത്തുക
14. വാർഡുകളിലെ റോഡുകൾ കോൺക്രീറ്റിംഗ് നടത്തുക
15. തടയണ നിർമ്മാണം

വികസന മേഖലകൾ

ജനസേവനം കാര്യക്ഷമമാക്കൽ

14.83 ച.കി വിസ്തീർണ്ണത്തിൽ വ്യാപിച്ച് കിടക്കുന്ന അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിൽ 21 വാർഡുകളുണ്ട്. നിലവിലുള്ള ഭൂപ്രദേശങ്ങളിൽ 65.02% പുരയിടവും, 26.75% വയലും, 5% പുറംമ്പോക്കും 3.25% തരിശുമാണ്. മമ്പുറം, പുകയൂർ എന്നീ നീർത്തടങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. തെങ്ങ്, കമുക്, കുരുമുളക്, നെല്ല്, കപ്പ എന്നിവയാണ് പ്രധാന കൃഷികൾ. പ്രധാനമായും 3 തോടുകളാണ് പഞ്ചായത്തിലുള്ളത്. കൊടുവയാർ വയൽതോട്, പട്ടിശ്ശേരി വയൽ തോട്, പുകയൂർ പാടത്ത് നിന്നും തുടങ്ങുന്ന അരീത്തോട് എന്നിവയാണ് ഇവ. മമ്പുറം കൊളപ്പുറം, പുകയൂർ, കൊടുവായൂർ, പട്ടിശ്ശേരി എന്നീ 5 പാടശേഖരങ്ങൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ച് കഴിയുന്നു. എന്നാൽ സ്ഥിതി ആകെ മാറി. കൃഷി ചെയ്യുന്നത് ന്യൂനപക്ഷം മാത്രം.

അധികരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ഒട്ടേറെ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ കീഴിലായി. അതുകൊണ്ട് തന്നെ വളരെയധികം സേവന പ്രവർത്തനങ്ങൾ പഞ്ചായത്തിന് നിർവ്വഹിക്കാനുണ്ട്. വികസന പ്രവർത്തനങ്ങൾ

ഏകീരിക്കുക, സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നൽകുക, ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകൾ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ പഞ്ചായത്ത് നിർവ്വഹിച്ച് വരുന്നു.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

- ഗ്രാമപഞ്ചായത്തിലും അനുബന്ധ സ്ഥാപനങ്ങളിലും മതിയായ ജീവനക്കാരുടെ അഭാവം
- വിവരാവകാശത്തിന്റെ ദുരുപയോഗം, അനാവശ്യ പരാതികൾ എന്നിവ സമയനഷ്ടത്തിനും കാലതാമസത്തിനും ഇടയാക്കുന്നു.
- അടിസ്ഥാന സൗകര്യ കുറവ്
- ഗ്രാമസഭകൾ സജീവമാകാത്തത്
- പദ്ധതി പ്രവർത്തനങ്ങളിൽ വരുന്ന കാലതാമസം
- മോണിറ്ററിംഗിന്റെ അപര്യാപ്തത
- ഓഫീസുകളിൽ റിക്കാർഡുകൾ യഥാവിധി സൂക്ഷിക്കാൻ സൗകര്യമില്ലായ്മ

പ്രശ്ന പരിഹാരം

1. പൗരാവകാശ രേഖ പുതുക്കി പ്രദർശിപ്പിക്കുക.
2. .ജോലിഭാരം കണക്കാക്കി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക
3. ഫ്രണ്ട് ഓഫീസ് സൗകര്യം കൂടുതൽ വിപുലപ്പെടുത്തുക
4. പഞ്ചായത്ത് കുടുംബശ്രീയുമായി സംയോജിച്ച് ഹെല്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തുക.
5. പഞ്ചായത്ത് ഓഫീസുമായി വിട്ട് കിട്ടിയ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുക
6. മുഴുവൻ സർട്ടിഫിക്കറ്റുകളും ഓൺലൈൻ വഴി ലഭ്യമാക്കുക
7. കെട്ടിടങ്ങൾക്ക് സ്ഥിരമായ നമ്പർ നൽകുക.
8. സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുക.
9. ഭവനരഹിത ഭൂരഹിത ആളുകൾക്ക് വീടും ഭൂമിയും ലഭ്യമാക്കുക
10. മാലിന്യ സംസ്ക്കരണത്തിന് സംവിധാനം ഒരുക്കി തെരുവുകളിലെ മാലിന്യം സംഭരിച്ച് വളമാക്കി മാറ്റുക

കൃഷിയും അനുബന്ധ മേഖലകളും

ഏ ആർ നഗർ ഗ്രാമപഞ്ചായത്തിൽ 396.6 ഹെക്ടർ നെൽകൃഷി നടത്തുന്നു. 5 പാടശേഖരങ്ങളിലായി വിരിപ്പ, മുണ്ടകൻ, പുഞ്ച എന്നിവയാണ് കൃഷിരീതി. നെൽവയലുകളിൽ വേനൽകാലങ്ങളിൽ മരച്ചീനി, വാഴ എന്നിവയും കൃഷി ചെയ്യുന്നു. തെങ്ങ്, കമുക്, കശുമാവ്, വാഴ, ഇഞ്ചി, കുരുമുളക് തുടങ്ങിയവ പുരയിടങ്ങളിൽ കൃഷി ചെയ്ത് വരുന്നു. ആറി മാറി വരുന്ന കാർഷിക സംസ്ക്കാരത്തിന്റെ ഭാഗമയി കൃഷി ലാഭകരമല്ലാത്തതും യന്ത്രോപകരണങ്ങൾ യഥാസമയം ലഭിക്കാത്തതും തൊഴിലാളി ക്ഷാമവുംനെൽകൃഷിയിൽ നിന്ന് ജനങ്ങളെ പിന്തിരിപ്പിക്കുന്നു. ജലസേചന സൗകര്യക്കുറവ്, മഴയുടെ ലഭ്യത കുറവ്, എന്നിവ കൃഷിക്ക് പ്രതികൂല ഘടങ്ങളാണ്. കൊളപ്പുറം, മമ്പുറം പാടശേഖരങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ കനാലുകൾ ഉള്ളത് ജലസേചനത്തിന് കർഷകർക്ക് ആശ്വാസകരമാണ്.

പ്രശ്നങ്ങൾ

- ജലസേചനത്തിന്റെ അപര്യാപ്തത
- വയലുകൾ നികത്തി പുരയിടമാക്കുന്നതിനാൽ നീരുറവ വറ്റുന്നു
- കർഷക തൊഴിലാളികളുടെ ലഭ്യത കുറവ്
- പുതിയ തലമുറ കൃഷിയോട് ആഭിമുഖ്യം പുലർത്താത്തത്
- മറ്റു കൃഷികളുടെ വ്യാപനം
- യന്ത്രവൽക്കരണത്തിന്റെ അപര്യാപ്തത
- ഉൽപ്പന്നങ്ങളുടെ വിലക്കുറവ്, സംഭരണകേന്ദ്രങ്ങളുടെ അഭാവം

പരിഹാരം

- ജലസേചനത്തിനായി കനാലുകൾ, തടയണകൾ നിർമ്മിക്കുക
- വയൽനികത്തുന്നത് നിരോധിക്കുക
- തരിശുഭൂമികൾ കൃഷിചെയ്യുന്നതിന് ഏജൻസികളെ ഏൽപ്പിക്കുക
- കാർഷികരംഗത്തേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിന് ബോധവൽക്കരണം
- പഞ്ചായത്ത് തലത്തിൽ കാർഷിക സേന രൂപീകരിക്കുക
- തെങ്ങ് കയറ്റ യന്ത്രവും പരിശീലനവും നൽകുക
- ജൈവവളം ലഭിക്കുന്നതിന് അവയുടെ വിൽപ്പന കേന്ദ്രം ആരംഭിക്കുക

വികസന സാധ്യതകൾ

- കടലൂണ്ടിപ്പുഴയിൽ തടയണ നിർമ്മിച്ച് മമ്പുറം, കൊളപ്പുറം പാടശേഖരങ്ങളിലേക്ക് വെള്ളം എത്തിക്കുക
- ജലസേചന കനാൽ ആവശ്യമായ സ്ഥലത്തേക്ക് നീട്ടുക
- തരിശുഭൂമി കൃഷിയോഗ്യമാക്കി മാറ്റുക
- ഉൽപ്പന്ന സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക
- സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക

ഏറ്റെടുക്കേണ്ട പ്രവൃത്തികൾ

- കർഷകർക്ക് യഥാസമയം വിത്ത്, വളം, യന്ത്ര സാമഗ്രികൾ എന്നിവ ലഭ്യമാക്കൽ
- നിലവിലുള്ള ജലസേചന മാർഗ്ഗങ്ങളുടെ സംരക്ഷണം
- കാർഷിക ബോധ വൽക്കരണം, പരിശീലനങ്ങൾ ദിനാചരണങ്ങൾ
- തരിശുഭൂമി കൃഷിയോഗ്യമാക്കി മാറ്റുക
- സംഭരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കൽ
- വിള ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കൽ

മൃഗസംരക്ഷണ, ക്ഷീരവികസനം

ഗ്രാമപഞ്ചായത്തിൽ കുന്നുംപുറം കേന്ദ്രമാക്കി മൃഗാശുപത്രിയും വികെപടിയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഐസിഡിപി സെന്ററുമുണ്ട്. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടമുണ്ട്.

പ്രശ്നങ്ങൾ

- ഐസിഡിപി സെന്ററിന് സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ല
- കാലിത്തീറ്റയുടെ വിലകൂടുതൽ
- ക്ഷീര സംരക്ഷണ കേന്ദ്രവും മൊബൈൽ യൂണിറ്റും എഷ്ട്ടാ വർഡുകളിലും വേണം
- പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത കുറവ്
- ധനസഹായത്തിന്റെ അപര്യാപ്തത

- ക്ഷീര കർഷകർക്ക് മറ്റു കാർഷിക ജോലിയിൽ പങ്കെടുക്കുന്നവർക്ക് ലഭിക്കുന്ന രീതിയിലുള്ള ആനുകൂല്യങ്ങൾ ഇഷ്ടായ്മ.

പരിഹാര മാർഗ്ഗങ്ങൾ

- തീറ്റപ്പുൽ കൃഷി വ്യാപകമാക്കുന്നതിന് ധനസഹായം നൽകുക
- കാലിതീറ്റ സൗജന്യമായി നൽകുക
- തൊഴുത്തുകളുടെ നിർമ്മാണത്തിനും നവീകരണത്തിനും മുഴുവൻ തുകയും നൽകുക
- കന്നുകാലികളെ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുക
- പാൽ ഉൽപ്പന്നങ്ങൾ വിറ്റൊഴിക്കുന്നതിന് സംവിധാനം ഉണ്ടക്കുക
- മൃഗാശുപത്രിക്ക് മൊബൈൽ യൂണിറ്റ് സംവിധാനം
- ക്ഷീരകർഷകർക്ക് മരുന്ന് സൗജന്യമായി നൽകുക
- കന്നുകാലി വളർത്തലിൽ പരിശീലനം

ചെറുകിട വ്യവസായം

വ്യവസായ വൽക്കരണമാണ് രാജ്യപുരോഗതിയുടെ നാഴികകല്ല്. കാർഷിക രംഗവും അതുപോലെ മറ്റു രാജ്യങ്ങളും പുഷ്ടി പ്രാപിക്കണമെങ്കിൽ വ്യവസായം വളരണം. ദാരിദ്ര്യ ലഘൂകരണം സാധ്യമാക്കണമെങ്കിലും വ്യവസായം കൂടിയേ തീരു. സ്ഥിര വരുമാനം, തൊഴിൽ എന്നിവ ഉറപ്പ് വരുത്താനും ഗ്രാമീണ ജനതയെ സ്വാശ്രയരും, അധ്വാന ശീലരും ആക്കി മാറ്റുന്നതിന് വ്യവസായങ്ങൾ വർദ്ധിച്ച് വരേണ്ടതാണ്. സ്വകാര്യ മേഖലയിൽ ഉള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ മാത്രമാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ഈർച്ച മില്ലുകൾ, ഫർണ്ണിച്ചർ നിർമ്മാണം, സിമന്റ് ബ്ലോക്ക് നിർമ്മാണം, ചെരിപ്പു നിർമ്മാണം എന്നിവയാണ് പ്രധാന വ്യവസായ യൂണിറ്റ്. പരമ്പരാഗത വ്യവസായങ്ങൾ ഒന്നും തന്നെ ഇന്നില്ല. കുടുംബശ്രീ യൂണിറ്റുകളും കാര്യമായി ഇക്കാര്യത്തിൽ ഒന്നും പ്രവർത്തിക്കാനില്ലാതെ നോക്കി നിൽക്കുന്ന അവസ്ഥയാണുള്ളത്.

പ്രശ്നങ്ങൾ

- സാമ്പത്തിക പരാധീനത
- സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അഭാവം
- വ്യവസായ പരിശീലനത്തിന്റെ അഭാവം
- പരാജയഭീതി
- വിപണന സാധ്യത കുറവ്
- വൈദ്യുതി പ്രശ്നങ്ങൾ
- നിയമ പ്രശ്നങ്ങൾ
- പരമ്പരാഗത വ്യവസായങ്ങളോടുള്ള അവഗണന

പരിഹാരങ്ങൾ

- മുടങ്ങി കിടക്കുന്ന വ്യവസായ യൂണിറ്റുകൾ തുടർന്ന് പ്രവർത്തിപ്പിക്കുക
- ചെറുകിട വ്യവസായത്തിൽ ആവശ്യമായ പലിശീലനം ലഭ്യമാക്കുക
- സംരംഭങ്ങൾക്ക് കുറഞ്ഞ താരിഫിൽ വൈദ്യുതി ലഭ്യമാക്കുക
- സങ്കീർണ്ണമായ ലൈസൻസ് വ്യവസഥകൾ ലളിതമാക്കുക
- വിപണന സൗകര്യം ഒരുക്കുക
- മൂലധനം ഉറപ്പാക്കുന്നതിന് വേണ്ടി സഹകരണ അടിസ്ഥാനത്തിൽ സംരംഭങ്ങൾ തുടങ്ങുക
- പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുക
- വിപണന മേളകൾ, ആഴ്ച ചന്തകൾ, മാർക്കറ്റിംഗ് സംവിധാനം എന്നിവ ഒരുക്കൽ
- സാമ്പത്തിക സഹായം ഉറപ്പു വരുത്തി ചെറുകിട യൂണിറ്റുകൾ കുടുംബശ്രീ മുഖേന ആരംഭിക്കുക.

പൊതുമരാമത്ത് (വൈദ്യുതി ഊർജ്ജം ഉൾപ്പെടെ)

മനുഷ്യ പുരോഗതിക്ക് ഒരു പ്രദേശത്തിന്റെ വികസനത്തിനും, റോഡുകൾ അത്യാവശ്യമാണ്. ഗതാഗത സൗകര്യത്തിന്റെ പുരോഗതി നാടിന്റെ പുരോഗതിക്ക് അത്യാവശ്യമാണ്. അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും പ്രധാന റോഡുകളിലേക്ക് ചേരുന്ന ധാരാളം റോഡുകളുണ്ട്. ഇവയെല്ലാം തന്നെ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കിയതാണ്. പഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ സിംഹഭാഗവും റോഡുകളുടെ വികസനത്തിനാണ്

ചെലവഴിക്കുന്നത്. ഇനിയും ധാരാളം ഇടവഴികളും, നടപ്പാതകളും ഗതാഗതയോഗ്യമാക്കാനുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന് പുറമെ എംപി, എംഎൽഎ തുടങ്ങിയവയുടെ വികസന ഫണ്ട് ഉപയോഗിച്ച് റോഡുകൾ ടാർ ചെയ്ത് വരുന്നു.

വൈദ്യുതി ലൈനുകൾ ചെന്ന് എത്താത്ത പ്രദേശങ്ങൾ ഗ്രാമപഞ്ചായത്തിൽ ഇല്ല. എന്നാൽ സിംഗിൾ ഫേസിനു പകരം ത്രിഫേയ്സ് ആക്കിയാലേ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയുകയുള്ള. ട്രാൻസ്ഫോർമ്മറുകളുടെ പൊതു യുഎം വോൾട്ടേജ് ക്ഷാമത്തിന് കാരണമാണ്. തെരുവ് വിളക്കുകൾ ഗ്രാമപഞ്ചായത്തിൽ ധാരാളം ഉണ്ടെങ്കിൽ പോലും ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതയമായി തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

ഊർജ്ജലാഭത്തിന് വേണ്ടി സിഎഫ്എൽ വിളക്കുകളാണ് ഉപയോഗിക്കുന്നത്. ഠബാധവൽക്കരണത്തിന്റെ ഭാഗമായി വീടുകളിലും തെരുവ് വിളക്കുകൾക്കും സിഎഫ്എൽ വിളക്കുകൾ ഉപയോഗിക്കുന്നു.

പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

- ഗതാഗതയോഗ്യമല്ലാത്ത ഇടവഴികൾ സ്ഥലം കൂട്ടി മുറക്ക് വീതി കൂട്ടി ടാർ ചെയ്യുക
- നിലവിലുള്ള റോഡുകൾ റീ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക
- റോഡുകളുടെ രണ്ട് ഭാഗത്തും നീർച്ചാലുകൾ നിർമ്മിച്ച് കോൺക്രീറ്റിംഗ് നടത്തുക
- റോഡ് കൈയ്യേറ്റങ്ങൾ തടയുക
- റോഡിന് ഇരുവശത്തുമുള്ള കാടുകൾ നീക്കുക
- വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക
- എല്ലാ സിംഗിൾ ഫേസ് ലൈനുകളും ത്രീഫേസ് ആക്കുക
- ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് എല്ലാവർക്കും സബ്സിഡി നൽകുക
- ഊർജ്ജം ലാഭിക്കുന്നതിന് വേണ്ടി എല്ലാവർക്കും ബോധവൽക്കരണം നൽകുക

ദാരിദ്ര്യ ലഘൂകരണം

ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി നിരവധി പദ്ധതികൾ കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കിയെങ്കിലും സമ്പൂർണ്ണ ദാരിദ്ര്യ

ലഘൂകരണം ഇനിയും അകലെയാണ്. പാർപ്പിടം, ഭക്ഷണം, വസ്ത്രം, രോഗാവസ്ഥ, എന്നിവ ദാരിദ്ര്യത്തിന്റെ തോതനുസരിച്ച് വർദ്ധിക്കുന്നു. സ്വന്തമായി പാർപ്പിടമില്ലാത്ത് ധാരാളം ആളുകൾ ഇന്നും ഈ ഗ്രാമത്തിലുണ്ട്. ഭൂമിയുടെ വർദ്ധിച്ച വിലയും, അത് വാങ്ങാൻ പൈസ ഇല്ലാത്ത അവസ്ഥയും വീട് വെക്കാൻ സാധന സാമഗ്രികളുടെ വിലക്കയറ്റവും, ഭീമമായ കൂലി ചെലവും, ജനങ്ങളെ വീട് വെക്കുന്നതിൽ നിന്ന് വിട്ട് നിർത്തന്നു,

പ്രശ്നങ്ങൾ

- ഭൂമിയുടെ അമിത വില, നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം, തൊഴിലാളികളുടെ വർദ്ധിച്ച കൂലി,
- സബ്സിഡി തുകയുടെ അപര്യാപ്തത
- തൊഴിലും സ്ഥരി വരുമാനം ഇല്ലായ്മ
- നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

പ്രശ്ന പരിഹാരം

- പഞ്ചായത്ത് ഭൂമി ലഭ്യമാക്കി ഫ്ളാറ്റ് നിർമ്മിച്ച് നൽകുക
- സർക്കാർ ധന്ധനസഹായത്തിന് പുറമെ വിവിധ ഏജൻസികളുടെയോ, സന്നദ്ധ പ്രവർത്തകരുടെയോ, സംഭാവനകൾ ഉപയോഗപ്പെടുത്തുക
- ചെലവു കുറഞ്ഞ ഭവനനിർമ്മാണ പദ്ധതികളുടെ ബോധവൽക്കരണം
- ആശ്രയ പദ്ധതി നവീകരിച്ച് നടപ്പിലാക്കുക
- എല്ലാ ബിപിഎൽ കുടുംബങ്ങളെയും കുടുംബശ്രീ അയൽക്കൂടങ്ങളിൽ അംഗങ്ങളാക്കുക
- കോളനി വികസന കാഴ്ചപ്പാട് നടപ്പിലാക്കുക
- ഭൂമിയില്ലാത്തവർക്ക് വീട് വെക്കാൻ 5 സെന്റ് സ്ഥലം വയൽ നികത്താൻ അനുമതി നൽകുക
- സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുക

സാമൂഹ്യ ക്ഷേമം

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരം, ശയ്യാലംബികളും, ഉറ്റവരും ഉടയവരും കയ്യൊഴിഞ്ഞവരും നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. പഞ്ചായത്ത് പ്രദേശത്ത് ഒരു പകൽ വീട് ഉണ്ട്. ഭിന്ന ശേഷിയുള്ള കുട്ടികളുടെ പരിചരണത്തിന് സ്പെഷ്യൽ സ്കൂളുകൾ ഈ പഞ്ചായത്തിൽ ഇല്ല.

പ്രശ്നങ്ങൾ പരിഹാരങ്ങൾ

- ശരിയായ പരിചരണത്തിന് പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെയും, ഹോം നഴ്സ്മാരുടെയും സേവനം ഉപയോഗപ്പെടുത്തുക
- മാറാ രോഗികൾക്ക് ചികിത്സാ ധനസഹായവും സൗജന്യ മരുന്നും വിതരണം
- സ്പെഷ്യൽ സ്കൂൾ ആരംഭിക്കുക
- ഭിന്ന ശേഷി ഉള്ളവർക്ക് ഉപകരണങ്ങൾ നൽകുക
- വൃദ്ധരുടെ സംരക്ഷണം കുടുംബത്തിന്റെ ഉത്തരവാദിത്വം ആണ് എന്ന ബോധവൽക്കരണം ഉണ്ടാക്കുക.
- ഭിന്നശേഷി ഉള്ളവർക്ക് സ്പെഷയൽ സ്കളുകൾ തുടുങ്ങൾ.

വനിത- ശിശുവികസനം

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. വിദ്യാലയങ്ങളിൽ കൂടുതൽ പേർ പെൺക്കുട്ടികൾ ആണെങ്കിലും സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ കുറവാണ്. തൊഴിൽ രംഗങ്ങളിലും സ്ത്രീകളുടെ എണ്ണം കുറവ് തന്നെ. സാമൂഹ്യ പുരോഗതി കൈവരിക്കാൻ ഇത് മൂലം കഴിയാതെ വരുന്നു.

വനിതകളുടെയും ശിശുക്കളുടെയും വികസനത്തിന് വേണ്ടി വർഷം തോറും 10 ശതമാനം ഫണ്ട് വിനിയോഗിക്കുന്നുണ്ടെങ്കിലും അവയൊന്നും ലക്ഷ്യപ്രാപ്തിക്ക് ഉതക്കിയിട്ടില്ല. ത്രിതല പഞ്ചായത്ത് ഭരണതലത്തിൽ 50 ശതമാനം സംരണം ഏർപ്പെടുത്തിയത് വനിതകളുടെ നേതൃത്വപാടവത്തിനുംഭരണപരിശീലനത്തിനും ഉതക്കിയിട്ടുണ്ട്. 2 തൊഴിൽ പരിശീലന കേന്ദ്രങ്ങളും തൊഴിൽ യൂണിറ്റുകളും ഗ്രാമപഞ്ചായത്തിൽ ഉണ്ടെങ്കിലും തുടർന്ന് നടത്തുന്നതിൽ താൽപര്യം കാണിക്കാൻ വനിതകൾക്ക് കഴിയുന്നില്ല. ഒരു വാർഡിൽ 2 എന്ന തോതിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നു. മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ഇല്ല. സ്ഥലം ലഭിക്കാനുള്ള പ്രയാസം കാരണം പഞ്ചായത്തിന് സ്വന്തമായി കെട്ടിടം പണിയാൻ കഴിയുന്നില്ല. സ്ഥിരം കെട്ടിടമുള്ള അങ്കണവാടികൾക്ക് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

പ്രശ്ന പരിഹാരങ്ങൾ

- വനിത തൊഴിൽ പരിശീലന കേന്ദ്രങ്ങളും, തൊഴിൽ ചെയ്യുന്നതിന് വ്യവസായ കോംപ്ളക്സുകളും പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക

- കൗമാരക്കാരായ പെൺക്കുട്ടികൾക്കും, സ്ത്രീകൾക്കും കൊൺസിലിംഗ് ഏർപ്പെടുത്തുക
- രോഗ പ്രതിരോധ കുത്തിവെപ്പിന്റെ പ്രാധാന്യം രക്ഷിതാക്കളെ പ്രത്യേകിച്ച് അമ്മമാരെ ബോധ്യപ്പെടുത്തുക
- ഡെകെയർ സെന്ററുകൾ സ്ഥാപിക്കുക
- നിയമ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക
- വിധവകൾ, വിഹാഹമോചിതർ, എന്നിവരുടെ ഉപജീവന പ്രശ്നങ്ങൾ തൊഴിലും, സ്ഥിരവരുമാന മായ ജോലിയും നൽകി പരിചരിക്കുക
- വനിതകൾക്കായി ഭവനനിർമ്മാണ പദ്ധതികൾ ആരംഭിക്കുക
- ലഹരിമുക്ത കുടുംബം എന്ന സ്ഥിതി ആർജ്ജിക്കുന്നതിന് ബോധവൽക്കരണ പരിപാടി
- പോഷകാഹാര കുറവ് ഗർഭിണികളുടെ പരിരക്ഷ, എന്നിവ അങ്കണവാടികൾ മുഖാന്തിരം നടപ്പിലാക്കുക
- സ്ത്രീധനമില്ലാത്ത വിവാഹം പ്രോത്സാഹിപ്പിക്കുക
- അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുക
- പെൺക്കുട്ടികൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുക
- ഫാസ്റ്റ്ഫുഡിന്റെ ദോശവശങ്ങൾ ബോധവൽക്കരണം
- ശാരീരിക മാനസിക ആരോഗ്യത്തിന് യോഗ പരിശീലനം

പട്ടികജാതി വികസനം

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി കുടുംബങ്ങൾ പ്രധാനമായും അഴുവളപ്പ് കോളനി, അണ്ടിവളപ്പ് കോളനി, കരിപ്പായിമാട് കോളനി, അറക്കൽപ്പുറായ, വലിയപറമ്പ് കോളനി, കണ്ടംമാട്, ഉള്ളാട്ട്പറമ്പ്, കൂമൻച്ചിന, പൊരിയേങ്ങൽ, അറളപറമ്പ്, തെക്കേപറമ്പ്, ചെണ്ടപ്പുറായ എന്നീ കോളനികളിലും, ചുരുക്കം ചിലർ ഇടകലർന്നും താമസിക്കുന്നു. ആലിങ്ങൽ പറമ്പ്, മണ്ണിൽതൊടി, കോരമ്പാട്ട്, മമ്പുറം, അരീക്കാട്ട്മാട് എന്നിവിടങ്ങളിൽ ഇടകലർന്നാണ് താമസിക്കുന്നത്. പട്ടിക ജാതിക്കാരിൽ 85 ശതമാനം കുടുംബങ്ങൾക്കും വീടുണ്ട്. ബാക്കിയുള്ളവർക്ക് സ്വന്തമായി സ്ഥലമില്ലാത്തതിനാൽ ഭവനനിർമ്മാണം സാധ്യമായിട്ടില്ല. ഭൂരിഭാഗം ആളുകളും ദാരിദ്ര്യ രേഖക്ക് താഴെയാണ്. ഇവരിൽ കാർഷിക മേഖല, സർക്കാർ ഉദ്യോഗം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,

നിർമ്മാണ മേഖലകളിൽ ജോലി ചെയ്യുന്നു. കുലതൊഴിൽ ചെയ്യുന്ന കുടുംബങ്ങൾ ഒന്നും തന്നെ ഇല്ല.

പ്രശ്നങ്ങൾ.

- സ്വന്തമായി വാസഗൃഹമില്ല
- കുടിവെള്ള സൗകര്യമില്ലായ്മ
- ലഹരിപദാർത്ഥങ്ങളുടെ ഉപയോഗമൂലമുള്ള സാമൂഹ്യ പ്രശ്നം
- പെൺക്കുട്ടികളുടെ വിവാഹത്തിനുള്ള സാമ്പത്തിക പ്രശ്നം
- തൊഴിലില്ലായ്മ
- സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും റസിഡൻഷ്യൽ സ്കൂളുകളുടെയും കുറവ്
- വിദ്യാഭ്യാസത്തിന്റെ അഭാവം
- അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

പരിഹാര മാർഗ്ഗങ്ങൾ

- പഞ്ചായത്ത് ഭൂമി വാങ്ങി ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുക
- സമഗ്ര കുടിവെള്ള പദ്ധതി കോളനികളിലേക്കായി നടപ്പിലാക്കുക
- ലഹരിക്കെതിരെ ബോധവൽക്കരണം
- വിവാഹ ധനസഹായം നൽകുക
- സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻഷ്യൽ സ്കൂളുകൾ എന്നിവ സ്ഥാപിക്കുക
- സമഗ്ര കോളനി വികസനം നടപ്പിലാക്കുക
- പരമ്പരാഗത കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക
- സർക്കാർ പദ്ധതികളെ പറ്റി അവബോധം ഉണ്ടാക്കുക

ആരോഗ്യം

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിൽ കുന്നുംപുറത്തുള്ള ആരോഗ്യ കേന്ദ്രം, ഹോമിയോ ഡിസ്പെൻസറി, മമ്പുറം ആയുർവേദ ആശുപത്രി, എന്നിവ പൊതു മേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളാണ്. പിഎച്ച്സിക്ക് വിവിധ വാർഡുകളിലായി 5 ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇവ കൂടാതെ സ്വകാര്യ ആശുപത്രികളും, ക്ലിനിക്കുകളും, അലോപ്പതി, ആയുർവേദം, ഹോമിയോ എന്ന

രംഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ആധുനിക ജീവിതത്തിലെ ശൈലി രോഗങ്ങളും, കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്ന പകർച്ചാവ്യാധികളും നേരിടുന്നതിന് പര്യാപ്തമാകുമാറ് സർക്കാർ ആശുപത്രികൾക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല. കുന്നുംപുറം പിഎച്ച് സി യിൽ കിടത്തി ചികിത്സാ തുടങ്ങണമെന്ന വളരെ കാലത്തെ മുറവിളികൾക്ക് ഇന്നും തീരുമാനമായിട്ടില്ല. കുന്നുംപുറം കേന്ദ്രമായി പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ കേന്ദ്രം അശരണരായ രോഗികൾക്കും, ശയ്യാവലംബികളായവർക്കും ആശ്വാസമേകുന്നു. ആശാവർക്കർമാർ, ആശുപത്രി ജീവനക്കാർ, എന്നിവരുടെ സഹകരണത്തോടെ പ്രതിരോധ ചികിത്സ നടന്ന് വരുന്നു. ആഴ്ചയിലൊരു ദിവസം സബ്സെന്ററുകൾ സന്ദർശിച്ച് കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെപ്പുകൾ നടത്തി വരുന്നുണ്ട്.

പ്രശ്നങ്ങൾ

- കിടത്തി ചികിത്സാ സംവിധാനം ഇല്ലായ്മ
- ആരോഗ്യ കോന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യകുറവും സ്റ്റാഫിന്റെ പോരായ്മയും
- ലാബ് സൗകര്യം വിവിധ പരിശോധനക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ ഇല്ലായ്മ
- ജീവിത ശൈലി രോഗങ്ങളുടെ വർദ്ധനവ്
- കുടിവെള്ള ലഭ്യതകുറവ്
- കൊതുക് നശീകരണം
- മാലിന്യ നിർമ്മാർജ്ജനത്തിന് സൗകര്യമില്ലായ്മ
- പ്രതിരോധ കുത്തിവെപ്പിനോടുള്ള വൈമുഖ്യം

പരിഹാര മാർഗ്ഗങ്ങൾ

- പ്രാഥമ ആരോഗ്യ കേന്ദ്രങ്ങളിൽ മതിയായ ജീവനക്കാരെയും കിടത്തി ചികിത്സിക്കാനുള്ള സൗകര്യവും ഉണ്ടാക്കുക
- പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ അത്യാവശ്യ പരിശോധനക്കുള്ള ലാബ് ഉപകരണങ്ങളും സ്ഥാപിക്കുക
- ജനങ്ങളിൽ ബോധവൽക്കരണം
- ഹെൽത്ത് ക്ലബുകൾ, ആരോഗ്യ സേന. ദുരന്തനിവാരണ സേന എന്നിവ രൂപീകരിക്കുക
- വിദ്യാലയങ്ങൾ, ഗ്രാമസഭകൾ വഴി ബോദവൽക്കരണം
- ഹോംകെയർ പരിചരണം

- പിഎച്ച്സിക്ക് വാഹനം
- യോഗ പരിശീലനം, കൗൺസിലിംഗ്
- കിണറുകളിലെ ജലം പരിശോധിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കൽ
- അന്യസംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ്, ചെക്കപ്പ്

കുടിവെള്ളം ശുചിത്വം

ശുദ്ധജല ക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്ന ഗ്രാമമാണ് അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്ത്. ധാരാളം മിനി ജലവിതരണ പദ്ധതികളും പൊതു കിണറുകളും സ്വകാര്യ കിണറുകളും ഉണ്ടെങ്കിലും ഇവ ഒന്നും തന്നെ വേനൽക്കാലങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പരിഹാരമാകുന്നില്ല. എങ്കിലും പഞ്ചായത്തിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന മേജർ കുടിവെള്ള പദ്ധതി ഇതിന് പരിഹാരമാകുമെന്ന് ആശ്വാസിക്കാം. പഞ്ചായത്ത് ഓഫിസിലെ കുടിവെള്ള പ്രശ്നം വേനൽകാലത്ത് രൂക്ഷമാണ്.

പ്രശ്നങ്ങൾ

- കമ്മ്യൂണിറ്റി ടോയ്ലെറ്റുകളുടെ അപര്യാപ്തത
- തലസ്രോതസ്സുകളുടെ മലിനീകരണം
- കുടിവെള്ള പദ്ധതികളുടെ അഭാവം
- പൊതുശ്മശാനം, ശാസ്ത്രീയമായ അറവ് ശാലകൾ, മാർക്കറ്റുകൾ, എന്നിവയുടെ നവീകരണം

പരിഹാര മാർഗ്ഗങ്ങൾ

- സമഗ്ര കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം
- ജലസ്രോതസ്സുകളുടെ മലിനീകരണം തടയുൽ
- പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുക
- കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുക
- എല്ലാ കുടുംബങ്ങൾക്കും സാനിറ്ററി കക്കൂസ്
- ടപാതുജനങ്ങൾക്കായി പൊതു സ്ഥലങ്ങളിലും ഓഫീസുകളിലും ടോയ്ലെറ്റ് സൗകര്യം

- മലിനീകരണം തടയുന്നതിന് ബോധവൽക്കരണം
- മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണി, തുടങ്ങി മഴവെള്ളം പാഴാവുന്നത് തടയുക
- മാർക്കറ്റുകൾ, അങ്ങാടികൾ എന്നിവിടങ്ങളിലെ മാലിന്യം സംസ്ക്കരിക്കാൻ സംവിധാനം

വിദ്യാഭ്യാസം കല, കായിക വികസനം,യുവജനക്ഷേമം, സംസ്ക്കാരം

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിൽ സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമായി 7 വിദ്യാലയങ്ങൾ ഉണ്ട്. ഏ ആർ നഗർ ജിയുപി സ്കൂൾ കക്കാടംപുറം, ഹവ. ഹൈസ്കൂൾ കൊളപ്പുറം, ജിഎംഎൽപി സ്കൂൾ മമ്പുറം, ജിഎൽപി സ്കൂലൾ പുകയൂർ എന്നിവ സർക്കാർ മേഖലയിലും, എയുപി സ്കൂൾ ഇരുമ്പുചോല, എഎഎംഎൽപി സ്കൂൾ പുതിയത്തുപ്പുറായ, എന്നിവ സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നു. ഇത് കൂടാതെ ചെണ്ടപ്പുറായയിൽ ഒരു ഹയർസെക്കണ്ടറി സ്കൂളും പ്രവർത്തിക്കുന്നു. ഇതിന് പുറമെ ധാരാളം അൺഎയ്ഡഡ് സ്ഥാപനങ്ങളും പഞ്ചായചത്തിൽ നല്ല നിലയിൽ പ്രവർത്തിച്ച് വരുന്നു. സർക്കാർ വിദ്യാലയങ്ങളിൽ ഒന്നിന് മാത്രമാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കാരച്ചിനയിൽ ഒരു ലൈബ്രറിയും കൂടാതെ സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയിൽ ഇരുമ്പുചോല, ഉള്ളാട്ട്പറമ്പ്, കൊടുവായൂർ ബസാർ എന്നിവിടങ്ങളിൽ പൊതു ലൈബ്രറികളും ഉണ്ട്. ഇവക്ക് പുറമെ രജിസ്റ്റേർഡ് ക്ലബുകളും എല്ലാ വാർഡിലും പ്രവർത്തിച്ച് വരുന്നു.
സ്കൂളുകൾക്ക് ആവശ്യമായ ഫർണ്ണിച്ചർ, കമ്പ്യൂട്ടർ കുടിവെള്ളം വൈദ്യുതി എന്നിവ ഒരുക്കിയിട്ടുണ്ട്.

പ്രശ്നങ്ങൾ

- സർക്കാർ പ്രൈമറി വിദ്യാലയത്തിന് സ്ഥലവും കെട്ടിടവുംഇല്ലായ്മ
- വിദ്യാലയങ്ങളിൽ ആവശ്യത്തിന് കമ്പ്യൂട്ടർ ഇല്ലായ്മ
- സ്മാർട്ട് ക്ലാസ് റൂമിന്റെ അഭാവം
- വിദ്യാലയങ്ങളിൽ കളിസ്ഥലത്തിന്റെ അഭാവം
- കുടിവെള്ള ക്ഷാമം
- ഓഡിറ്റോറിയം പൂന്തോട്ടം എന്നിവയുടെ അഭാവം

- കലാപരിശീലങ്ങളുടെ അഭാവം
- സെപ്ഷ്യൽ സ്കൂളുകളുടെ അഭാവം
- പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യമില്ലായ്മ
- തുടർ സാക്ഷര കേന്ദ്രങ്ങളുടെ അഭാവം
- സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കുറവ്
- ആധുനിക രീതിയിലുള്ള മൈതാനത്തിന്റെ അഭാവം
- കോളനികളിൽ റിക്രിയേഷൻ ക്ലബുകൾ ഇല്ലായ്മ

പരിഹാര മാർഗ്ഗങ്ങൾ

- പഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുക
- സ്പെഷ്യൽ സ്കൂൾ സ്ഥാപിക്കുക
- തുടർ സാക്ഷരത കേന്ദ്രങ്ങളുടെ നടത്തിപ്പ് കൂടുതൽ പ്രദേശത്തേക്ക് വ്യാപിപ്പിക്കുക
- കാരച്ചിനയിലെ പഞ്ചായത്ത് ലൈബ്രറി വിപുലീകരിക്കുകയും സ്ഥിരം ജീവനക്കാരെ നിയമിക്കുകയും ചെയ്യുക
- സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സർക്കാർ വിദ്യാലയത്തിന് സ്വന്തമായി കെട്ടിടം
- കലാ-കായിക വിദ്യാഭ്യാസം പോഷിപ്പിക്കാൻ കലാകേന്ദ്രങ്ങൾ സ്ഥാപിക്കുക
- വിദ്യാലയങ്ങൾക്ക് ആവശ്യമായ അടിസ്ഥന സൗകര്യങ്ങൾ ഒരുക്കുക
- വിദ്യാഭ്യാസം അവകാശ നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ സംവിധാനം
- കമ്പ്യൂട്ടർ വൽക്കരണവും സ്മാർട്ട് ക്ള്സ്സ് റൂം
- വിദ്യാലയങ്ങളിൽ കായിക പഠനത്തിനുള്ള സൗകര്യം, യോഗ ക്ലാസ്സുകൾ

പതിനാലാം പഞ്ചവത്സര പദ്ധതി ദീർഘവികസന കാഴ്ചപ്പാടോടു കൂടിയുള്ള വികസന സാധ്യതകളും ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങളും

1. **കൃഷി അനുബന്ധ മേഖലകളും**

കാർഷിക പ്രവർത്തിയോട് പൊതുവെയുള്ള ജനങ്ങൾക്ക് താൽപര്യക്കുറവ്, കൃഷിപ്രവർത്തിക്ക് കൂലിക്കാരെ കിട്ടാനുള്ള പ്രയാസം, അമിതമായ കൂലി ചിലവ്, ജലസേചന സൗകര്യമില്ലായ്മ, കാലാവാസ്ഥ വ്യതിയാനം എന്നിവ കൃഷിമേഖലയിൽ നിന്ന് ജനങ്ങളെ അകറ്റി നിർത്തുന്ന ഘടകങ്ങളാണ്. കാർഷിക മേഖലയിലും യന്ത്രവല്ക്കരണം നടപ്പായെങ്കിലും യാഥാസമയം നടീൽ യന്ത്രങ്ങളും, കൊയ്ത്ത് യന്ത്രങ്ങളും കിട്ടാനുള്ള താമസം ഉൽപ്പന്നങ്ങൾക്ക് വിലക്കുറവ് മാർക്കറ്റ് കണ്ടെത്താനുള്ള പ്രയാസം എന്നിവയും പ്രതികൂല ഘടകങ്ങളാണ്. ഗ്രാമപഞ്ചായത്തിൽ 5 പാടശേഖരസമിതികൾ ഉണ്ടെങ്കിലും പ്രതികൂല സാഹചര്യം കാരണം അവയ്ക്ക് സുഗമമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. പാടശേഖരങ്ങളിൽ നിന്ന് സിംഹഭാഗവും നെൽകൃഷിയിൽ നിന്ന് മാറി വാഴ, മരച്ചീനി തുടങ്ങിയവ കൃഷിചെയ്യുന്നതിൽ താൽപ്പര്യം കാണിക്കുന്നു. യാതൊരു കൃഷിയും ചെയ്യാതെ തരിശായി കിടക്കുന്ന ധാരാളം വയലുകൾ ഗ്രാമപഞ്ചായത്തിലുണ്ട്. കുടുംബശ്രീ യുവജന സംഘടനകൾ, പാടശേഖര സമിതി എന്നിവയുടെ കൂട്ടായ്മ ഒരുക്കി സർക്കാറിന്റെ വിവിധ എജൻസികളുടെ ധനസഹായത്തോടെ പഞ്ചായത്തിന് തരിശുരഹതി പഞ്ചായത്ത് ആക്കി മാറ്റാൻ കഴിയും.

മുൻഗണനകൾ

- വളം വിത്ത് കീടനാശിനി എന്നിവയുടെ വിതരണ കേന്ദ്രം ഉണ്ടാക്കുക
- കാർഷികോൽപ്പന്ന സംഭരണ കേന്ദ്രങ്ങൾ, വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കൽ
- കുടുംബശ്രീ യൂണിറ്റുകളെ കാർഷിക മേഖലയ്ക്ക് ആകർഷിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഉണ്ടാക്കൽ
- നിലവിലുള്ള ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും, ആവശ്യമായ സ്ഥലങ്ങളിൽ പുതിയത് നിർമ്മിക്കലും.
- ജൈവകൃഷി രീതി പരിശീലിപ്പിക്കലും ബോധനൽക്കരണവും
- നല്ല കർഷകരെ ആദരിക്കൽ, ദിനാചരണം തുടങ്ങിയവ
- ബോാധവൽക്കരണം, കർഷിക വിളകളുടെ പ്രദർശനം തുടങ്ങിയ പരിപാടികൾ.
- തരിശു ഭൂമി കൃഷിയോഗ്യമാക്കി മാറ്റൽ

- കാർഷിക തൊഴിലാളികളെ യഥാസമയം ലഭ്യമാക്കുന്നതിന് വേണ്ടി ലേബർ ബാങ്ക് ഉണ്ടാക്കുകയും, തൊഴിലാളി ഇൻഷൂറൻസ് ഏർപ്പെടുത്തുകയും ചെയ്യുക
- ഉത്പ്പാദന വർദ്ധനവിന് ആവശ്യമായ പരിശീലന പരിപാടികൾ
- പാടശേഖരങ്ങളിലേക്ക് ആവശ്യമായ ട്രാക്ടറുകൾ, റാമ്പുകൾ, പാലങ്ങൾ, വിസിബ്ലികൾ, തടയണകൾ, എന്നിവയുടെ നിർമ്മാണം, സംരക്ഷണ പ്രവർത്തികൾ.

2. **<u>മൃഗസംരക്ഷണവും ക്ഷീരവികസനവും.</u>**

ഗ്രാമപഞ്ചായത്തിൽ പുകയൂർ കേന്ദ്രീകരിച്ച് ഒരു ക്ഷീര വ്യവസായ സഹകരണ സംഘവും, കുന്നുംപുറം കേന്ദ്രീകരിച്ച് ഒരു മൃഗാശുപത്രിയും പ്രവർത്തിച്ച് വരുന്നു. മൃഗാശുപത്രിക്ക് വികെപടി ഒരു സബ്സെന്ററും ഉണ്ട്. ഉൽപ്പന്നങ്ങൾ വിറ്റൊഴിക്കാൻ സൗകര്യമില്ലായ്മ പഞ്ചായത്തിൽ ഒരു ക്ഷീരവികസന സംഘം മാത്രമാണ് പ്രവർത്തിക്കുന്നത്. അവിടേക്ക് പാൽ എത്തിക്കുന്നതിന് പല ക്ഷീരകർഷകർക്കും കഴിയുന്നില്ല. അതുകൊണ്ട് തന്നെ യഥാർത്ഥ വില കർഷകന് ലഭിക്കുന്നില്ല. കാലിതീറ്റയുടെ വിലകൂടുതൽ, തീറ്റപുൽ, വൈക്കോൽ എന്നിവയുടെ ലഭ്യത കുറവ് വിപണന സൗകര്യമില്ലായമയുടെ അപര്യാപ്തത, പാലിൽ നിന്നും ഉൽപാദിപ്പിക്കാവുന്ന മറ്റു ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണതന്ത്രം അറിയാതിരിക്കൽ, കന്നുകാലി വളർത്തലിന് ലഭിക്കുന്ന ധനസഹായത്തിന്റെ അപര്യാപ്തതയും സങ്കീർണ്ണതയും തുടങ്ങി ഈ രംഗത്ത് ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ ഇതിലേക്ക് ജനങ്ങളെ ആകർഷിക്കുവാൻ കഴിയുന്നില്ല.

<u>മുൻഗണനകൾ</u>

- പുകയൂർ ക്ഷീരവികസന സഹകരണസംഘത്തിന്റെ കീഴിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളും കേന്ദ്രീകരിച്ച് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക.
- കുറഞ്ഞ വിലക്ക് കാലിതീറ്റ ലഭ്യമാക്കുക
- ഉൽപ്പാദനക്ഷമതയുള്ള നല്ലയിനം പശു, എരുമ, ആട് എന്നിവ ഉയർന്ന സബ്സിഡിയോടെ കർഷകർക്ക് ലഭ്യമാക്കുക
- ഒരു വീട്ടില് ഒരു പശു എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുക
- തൊഴുത്തുകളുടെ ആധുനിക വല്ക്കരണം
- കറവയന്ത്രങ്ങൾ ഘടിപ്പിച്ച മൊബൈൽ യൂണിറ്റ്
- തീറ്റപുൽ കൃഷിക്ക് ധനസഹായം നൽകി ഉൽപ്പാദനം പോഷിപ്പിക്കുക.

- കുടുംബശ്രീ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് കന്നുകാലി വളർത്തലിന് പ്രോത്സാഹനവും മൂല്യവർദ്ധിത പാൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന സാധ്യതകളും വർദ്ധിപ്പിക്കുക
- ആട്, കോഴി, മുയൽ, കാട എന്നിവ വളർത്തുന്നതിന് പ്രോത്സാഹനം നൽകുക
- കാലിവളർത്തലിൽ പരിശീലനവും, പ്രോത്സാഹനവും നൽകുക
- കന്നുകാലി വളർത്തലിന് കുറഞ്ഞ പലിശയും ബേങ്ക് വായ്പയും ലഭ്യമാക്കുക.
- കന്നുകാലികൾക്ക് ഇൻഷൂറൻസ് ലഭ്യമാക്കുക
- കന്നുകാലികളുടെ രോഗ പ്രതിരോധ ചികിത്സയും, ബോധവൽക്കരണവും.
- പാൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലന വിപണന സൗകര്യം ഒരുക്കൽ
- പഞ്ചായത്തിൽ ഡയറി എക്സ്റ്റൻഷൻ യൂണിറ്റ് സ്ഥാപിക്കുക.
- ബയോഗ്യാസ് പ്ലാന്റ് ഉയർന്ന് സബ്സിഡിയോട് കൂടി എല്ലാ കർഷകർക്ക് നൽകുക

3.ചെറുകിട വ്യവസായം

എടുത്ത് പറയത്തക്ക വ്യവസായം ഒന്നും തന്നെ ഇപ്പോൾ പഞ്ചായത്തിൽ ഇല്ല എന്നുംപറയാം. മരവ്യവസായമാണ് ഉള്ളതിൽ അധികവും. മരം കൊണ്ടുള്ള ഫർണ്ണിച്ചർ, വീട്ടുപകരണങ്ങൾ, മറ്റു ഭവനനിർമ്മാണ സാമഗ്രികൾ എന്നിവ പ്രവർത്തിക്കുന്നതിൽ വലുതും ചെറുതുമായ ഈർച്ച മില്ലുകൾ പഞ്ചായത്തിൽ പല വാർഡുകളിലും ഉണ്ട്. അച്ചാർ നിർമ്മാണം യൂണിറ്റുകൾ പോലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നല്ല നിലയിൽ തുടങ്ങിയ വനിത പ്രിന്റിംഗ് പ്രസ്സ് പാതിവഴിയിൽവെച്ച് തന്നെ നിലച്ചു. വനിതകളുടെ തൊഴിൽ അവസരം വർദ്ധിപ്പിക്കുന്നതിന് വേണ്ടി തുടങ്ങിയ സ്ഥാപനങ്ങൾ ഇന്ന് പ്രവർത്തനരഹിതമായി കിടക്കുകയാണ്.

മുൻഗണനകൾ

- മുടങ്ങി കിടക്കുന്ന വനിത വ്യവസായ യൂണിറ്റുകളുടെ പുനരുജ്ജീവനം
- പരാമ്പരാഗത തൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ
- വ്യവസായ സംരംഭങ്ങൾക്ക് കുറഞ്ഞചെലവിൽ വൈദ്യുതി എത്തിക്കൽ
- കുടുംബശ്രീ മുഖേന ചെറുകിട വ്യവസായം ആരംഭിക്കൽ
- വിവിധ ഏജൻസികളെ ഉപയോഗിച്ച് ചെറുകിട വ്യവസായത്തിൽ പരിശീലനം, ബോധവൽക്കരണം എന്നിവ നൽകൽ

- ആഴ്ച ചന്തകൾ, വിപണന മേളകൾ, മാർക്കറ്റിംഗ് സംവിധാനം എന്നിവയുടെ സൂക്ഷ്മസംരംഭങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കൽ.
- സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കലും പഞ്ചായത്തിന്റെ കീഴിൽ വ്യവസായ പരിശീലന കേന്ദ്രവുംഇൻഡസ്ട്രിയൽ കോംപ്ലക്സും സ്ഥാപിക്കൽ
- പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സ്ഥിരം വിപണന കേന്ദ്രങ്ങൾ തുടങ്ങൽ

4.പൊതുമരാമത്ത് (ഊർജ്ജം വൈദ്യുതി ഉൾപ്പെടെ)

ഗതാഗതയോഗ്യമായ ധാരാളം റോഡുകൾ ഗ്രാമപഞ്ചായത്തിനെ മറ്റു പരാധീനതകളിൽ നിന്നും അകറ്റി നിർത്തുന്നു. റോഡുകൾ ഇല്ലാത്ത സ്ഥലം വളരെ വിരളമാണെന്ന് തന്നെ പറയാം. എന്നിരുന്നാലും ഗതാഗതയോഗ്യമാക്കേണ്ട ഇടവഴികൾ, ഗ്രാമങ്ങളിൽ അവശേഷിക്കുന്നുണ്ട്. സ്ഥലം വിട്ട് തരുന്നതിനുള്ള വൈമനസ്യം റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നു. വെള്ളം കെട്ടി നിൽക്കുന്നതിനാലും, ഭൂമിയുടെ ഉയർച്ച, താഴ്ച്ചയും പല റോഡുകളുടെയും അവസ്ഥ മഴക്കാലം കഴിയുന്നതോട് കൂടി ഗതാഗതയോഗ്യമല്ലാതെയായി തീരുന്നു. അതിനാൽ തന്നത് ഫണ്ടിലെ ഗണ്യമായ ഭാഗം റോഡുകളുടെ അറ്റകുറ്റ പണിക്ക് നീക്കി വെക്കേണ്ടി വരുന്നു. മരച്ചില്ലകൾ റോഡിലേക്ക് അതിക്രമിച്ച് കയറി നിൽക്കുന്നതും റോഡിന്റെ കാര്യക്ഷമതക്ക് കോട്ടം തട്ടുന്നു. ഭൂമിയുടെ നിമ്നോന്ന സ്ഥിതി റോഡുകളുടെ സംരക്ഷണത്തിന് കോട്ടം സംഭവിക്കാൻ പ്രധാന കാരണമാണ്. കൊണ്ടോട്ടി തിരൂരങ്ങാടി വിമാനത്താവള റോഡ്, നാഷ്ണൽ ഹൈവേ എന്നിവയും ഈ പഞ്ചായത്തിലൂടെ കടന്ന് പോകുന്നു. വിമാനത്താവളത്തിലേക്ക് പോകുന്ന കുന്നുംപുറം വേങ്ങര റോഡ്, വലിയപറമ്പ് തോട്ടശ്ശേരിയാറ റോഡ് എന്നിവ പ്രധാന റോഡുകളാണ്. ബസ്സ് സ്റ്റാൻഡോ മതിയായ രീതിയിൽ വെയ്റ്റിംഗ് ഷെഡോ പഞ്ചായത്ത് പ്രദേശത്ത് ഇല്ല. ധാരാളം ബസ്സുകൾ കടന്ന് പോകുന്ന കുന്നപുറത്തോ കൊളപ്പുറത്തോ ഒരു ബസ്സ് സ്റ്റാൻഡ് ആവശ്യമാണ്. മതിയായ സ്ഥലം ലഭിക്കാത്തത് ഇതിന് തടസ്സമായി നിൽക്കുന്നു. തീർത്ഥടന കേന്ദ്രമായ മമ്പുറം മഖാംമിലേക്ക് വികെപടി.യിൽ നിന്ന് ഗതാഗതയോഗ്യമായ നല്ല റോഡ് ഉണ്ട്. എന്നാൽ മമ്പുറം പാലം വീതിയില്ലാത്തതിനാൽ ചെമ്മാട് പട്ടണവുമായി വലിയ വാഹനങ്ങൾക്ക് ബന്ധപ്പെടാൻ കഴിയുന്നില്ല. മമ്പുറം പുതിയ പാലത്തിന്റെ പണി പൂർത്തിയാകുന്നതോട് കൂടി ഇതിന് വലിയൊരു ആശ്വാസമാവുന്നതാണ്.

മുൻഗണനകൾ

- വർഷകാലങ്ങളിൽ ശക്തിയായ മഴവെള്ളത്തിന്റെ ഒഴുക്കുകാരണം മണ്ണ്ഒലിച്ചിറങ്ങി ഗതാഗതയോഗ്യമല്ലാതെ ആവുന്ന റോഡുകളുടെ ഇരുഭാഗവും ചാലുകീറി വെള്ളം ഒഴിവാക്കുക.
- കേട് വന്ന റോഡുകൾ മുൻഗണന അടിസ്ഥാനത്തിൽ നന്നാക്കുക
- പഞ്ചായത്ത് ആസ്ഥാനത്ത് നിന്ന് വിവിധ സ്ഥലങ്ങളിലേക്ക് പോവുന്നതും, ഹൈവേയുമായി ബന്ധിപ്പിക്കുന്നതുമായ റോഡുകൾക്ക് പ്രഥമ പരിഗണന നൽകുക
- റോഡിലേക് അതിക്രമിച്ച് കയറി നിൽക്കുന്ന വൃക്ഷശിഖിരങ്ങൾ വെട്ടിമാറ്റുക
- റോഡ് കൈയ്യേറ്റങ്ങൾ തടയുക.
- വാർഡുതലത്തിൽ മുൻഗണന തയ്യാറാക്കാതെ പഞ്ചായത്ത് തലത്തിൽ മുൻഗണന തയ്യാറാക്കുക.
- റോഡിന് സൈഡിൽ ആവശ്യമായ സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുക.
- അശാസ്ത്രീമായ റോഡിലെ വരമ്പുകൾ നീക്കം ചെയ്യുക
- വെയിറ്റിംഗ് ഷെഡുകൾ പണിയുക
- റോഡുകൾ, പാലങ്ങൾ എന്നിവയ്ക്ക് ആവശ്യമായ സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുക.

5.ഊർജ്ജം വൈദ്യുതി

1969 ൽ പഞ്ചായത്തിൽ വൈദ്യുതി എത്തിയെങ്കിലും 5 വർഷം കഴിഞ്ഞതിനുശേഷമാണ് പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വൈദ്യുതി എത്തുന്നത്. ചേളാരി, എടരിക്കോട്, കൂരിയാട് , കീഴിശ്ശേരി എന്നീ സബ്സെന്ററുകളിൽ നിന്നാണ് വൈദ്യുതി ലഭിക്കുന്നത്. തലപ്പാറ കുന്നുംപുറം, തിരൂരങ്ങാടി എന്നീ സെക്ഷനുകളുടെ കീഴിലാണ്. ഈ പ്രദേശത്തെ വൈദ്യുതി ഗുണഭോക്താക്കൾ വോൾട്ടേജ് ക്ഷാമം ഇപ്പോഴും ചില പ്രദേശങ്ങളിൽ രൂക്ഷമായി നിലകൊള്ളുന്നു. ട്രാൻസ്ഫോർമ്മറുകൾ ഏർപ്പെടുത്തിട്ടുണ്ടെങ്കിലും ഇനിയും ചില സ്ഥലങ്ങൾ കൂടി ടോർസ്ഫോർമ്മറുകളും ലൈൻ ഇരട്ടിപ്പിക്കലും ആവശ്യമാണ്. വൈദ്യുതി എത്താത്ത വീടുകൾ വിരളമാണ്. അത്തരം വീടുകൾക്ക് വൈദ്യുതി എത്തിക്കുന്നതിന് ജനങ്ങളുടെ നിസ്സഹകരണവും സാങ്കേതിക തടസ്സവും കാരണം സാധിക്കുന്നില്ല. പഞ്ചായത്തിൽ പ്രധാന സ്ഥലങ്ങളിൽ എല്ലാ തന്നെ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവ ദീർഘകാല ഉപയോഗത്തിന് ഉപകരിക്കുന്നില്ല. ഇടക്കിടെ റിപ്പയർ ആവശ്യമായി വരികയും, അതിന് ഭാരിച്ച

ചിലവ് വരികയും ചെയ്യുന്നതിനാലും സാങ്കേതിക തടസ്സം മൂലവും പൊതുജനങ്ങളുടെ ആക്ഷേപത്തിന് പരിഹാരം കാണാൻ പലപ്പോഴും കഴിയാറില്ല.

മുൻഗണനകൾ

- നിലവിലുള്ള ട്രാൻസ്ഫോർമ്മറുകളുടെ ശേഷി വർദ്ധിപ്പിക്കുക
- എല്ലാ സിംഗിൾ ഫേസ് ലൈനുകളും ത്രീഫേസ് ആക്കുക
- തെരുവ് വിളക്കുകൾക്ക് പ്രത്യേക ലൈൻ വലിക്കുക
- വീടുകൾ, ഓഫീസുകൾ എന്നിവയിൽ സിഎഫ്എൽ ബൾബുകൾ ഉപയോഗിക്കുക
- സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിന് ധനസഹായവും, ബോധവൽക്കരണവും നടത്തുക.
- ബയോഗ്യാസ് പ്ലാന്റ് എല്ലാ കുടുംബങ്ങളിലും സ്ഥാപിക്കുക

6.സാമൂഹ്യ ക്ഷേമം

അണുകുടുംബങ്ങളുടെ ഉൽഭവത്തോടെ സ്വന്തം ഗൃഹത്തിൽ തന്നെ അന്യവൽക്കരിക്കപ്പെടുന്ന വിഭാഗമാണ് വൃദ്ധജനങ്ങളും, ഭിന്നശേഷി ഉള്ളവരും. മാറി വരുന്ന ജീവിതശൈലികളും കമ്പോള വൽക്കരണവും ജീവിത ശൈലികളിൽ സാംസ്ക്കാരിക തനിമ ഉൾക്കൊള്ളാത്തതും ഈ പ്രശ്നം രൂക്ഷമാക്കുന്നു. നഗരവൽക്കരണവും, പാശ്ചാത്യ രീതികളോടുള്ള അഭിനിവേശവും വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാലാനുസൃതമായ മാറ്റം ഉൾക്കൊള്ളാത്തതും ചെറുപ്പക്കാർ വൃദ്ധരോടുള്ള സമീപനത്തിൽ വളരെയധികം മാറ്റം വരുത്തിയിട്ടുണ്ട്. വൃദ്ധരുടെയും ഭിന്നശേഷിക്കാരുടെയും കാര്യത്തിൽ സമൂഹത്തിന്റെ ശ്രദ്ധയും പ്രത്യേക പരിഗണനയും ആവശ്യമാണ്. കാര്യമായ പരിചരണത്തിന്റെ കുറവ് ഉപജീവനത്തിന് മാർഗ്ഗമില്ലായ്മ, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത, ഉപകരണങ്ങളുടെ ലഭ്യത കുറവ്, വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തത, ബോധവൽക്കരണത്തിന്റെ അപര്യാപ്തത എന്നിവ ഈ മേഖലയിലെ പ്രശ്നങ്ങളാണ്.

മുൻഗണനകൾ

- ഗ്രാമപ്രദേശത്തെ ഭിന്നശേഷിക്കാരുടെയും വൃദ്ധരുടെയും സർവ്വേ നടത്തി പ്രശ്നങ്ങൾ വിശകലനം ചെയ്ത് പ്രോജക്ടുകൾ തയ്യാറാക്കുക
- ഭിന്നശേഷിക്കാരായവർക്ക് സ്പെഷ്യൽ സ്കൂൾ തുടങ്ങി ആവശ്യമായ പരിശീലനം നൽകുക.

- പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ പകൽവീട്, റിക്രിയേഷൻ ക്ലബുകൾ, എന്നിവ സ്ഥാപിച്ച് വൃദ്ധജനങ്ങൽക്ക് ഒത്ത് ചേരുന്നതിനും വിനോദത്തിനും അവസരം ഒരുക്കുക.
- ആഴ്ചയിൽ ഒരിക്കൽ വൃദ്ധജനങ്ങൾക്ക് ആരോഗ്യ പരിശോധനയും മരുന്ന് വിതരണവും നടത്തുക.
- ആശാപ്രവർത്തകർ കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സേവകർ, ക്ലബുകൾ എന്നവരുടെ സഹായത്തോടെ സൗജന്യ പരിചരണം നൽകുക.
- സാമ്പത്തിക ശേഷിയുള്ളവരും സേവനതുല്യരുമായ ആളുകളെ കണ്ടെത്തി ഭിന്നശേഷിക്കാരുടെയും വൃദ്ധരുടെയും സേവനം സംരക്ഷണം ഉറപ്പ് വരുത്തുക.
- ഗ്രാമപഞ്ചായത്തിലെ അലോപ്പതി, ആയുർവേദം, ഹോമിയോ ആശുപത്രികളുടെ സഹായത്തോടെ ആവശ്യമായ ചികിത്സാ സൗകര്യവും, പരിചരണവും നൽകുക
- പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി ഹോംകെയർ യൂണിറ്റ് ശക്തമാക്കുക.
- സൗജന്യ മരുന്ന് വിതരണം
- സർക്കാർ പദ്ധതികളെ കുറിച്ച് ബോധവൽക്കരണം
- വിവിധ പെൻഷൻ ലഭ്യമാക്കൽ
- ഭവനനിർമ്മാണം, കുടിവെള്ളം എത്തിക്കൽ, വൈദ്യുതീകരണം എന്നിവക്ക് മുൻഗണനയും സാമ്പത്തിക സഹായവും.
- വൃദ്ധരുടെയും, ഭിന്നശേഷിക്കാരുടെയും കാര്യത്തിൽ എപിഎൽ ബിപിഎൽ വേർത്തിരിവ് ഒഴിവാക്കുക
- കുടുംബങ്ങൾക്ക് ബോധവൽക്കരണവും പരിശീലനവും നൽകുക
- പാഠ്യപദ്ധതിയിൽ വൃദ്ധജനപരിപാലനം, ഭിന്നശേഷിക്കാരോടുള്ള സമീപനം, എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിക്കജശ.
- വൃദ്ധരോടുള്ള പെരുമാറ്റത്തിൽ പൊതുജനത്തിന്റെ സമീപനം ഉദാരമാക്കൽ അലംഭാവം കാണിക്കുന്നവർക്ക് ശിക്ഷ.

7.വനിത ശിശു വികസനം

ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ സത്രീകൾ മുൻപന്തിയിൽ ആണെങ്കിലും ക്ഷേമപ്രവർത്തനങ്ങളിൽ ലക്ഷ്യമിട്ടത്ര കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വനിതകളുടെ സാമ്പത്തിക നില ഉയർത്തുന്നതിനും, സ്വയം തൊഴിൽ ഏർപ്പെടുത്തുന്നതിനും പലവിധ സംരംഭങ്ങൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയൊന്നുംതന്നെ പുരോഗതി കൈവരിക്കാൻ കഴിയാതെ പ്രയാസപ്പെടുകയാണ്. നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്ന കുടുംബശ്രീ യൂണിറ്റുകൾ പോലും ഇന്ന് ആവശ്യമായ ഫണ്ട് നൽകിയിട്ടും ഉപയോഗിക്കാതെ കെട്ടികിടക്കുന്ന അവസ്ഥയാണ്. ഉൽപ്പാദനകരമായ സംരംഭങ്ങൾ തുടങ്ങുന്നതിന് വനിതകൾക്ക് താല്പര്യമില്ലാത്ത അവസ്ഥ. കുന്നുംപുറം ആസ്ഥാനമായി തുടങ്ങിയ വനിത റെക്സിന്ബാഗ് യൂണിറ്റും, ഏആർ നഗർ വനിത പ്രിന്റിംഗ് പ്രസ്സും പ്രവർത്തിക്കാൻ ആളില്ലാതെ പൂട്ടിക്കിടക്കുന്നു. സാമൂഹിക പിന്നോക്കാവസ്ഥ, ദാരിദ്ര്യം, വിദ്യാഭ്യാസ സൗകര്യങ്ങളുടെ കുറവ്, സ്ഥിരവരുമാനത്തിന്റെയും, തൊഴിലിന്റെയും അഭാവം, എന്നിവ സ്ത്രീകളുടെ വികസന കാഴ്ചപാടിന് തടസ്സം നിൽക്കുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ പുരുഷൻമാരേക്കാൾ സ്ത്രീകൾ പങ്കെടുക്കുന്നു എന്നത് വേറിട്ടൊരു കാഴ്ചയാണ്. കാർഷിക മേഖലയിൽ സത്രീകൾക്ക് താൽപ്പര്യമില്ലാത്തത് ഈ മേഖലയെയും തകർക്കുന്നു.

മുൻഗണനകൾ

- വനിതകൾക്കായി തൊഴിൽ യൂണിറ്റുകളും, പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കുക.
- മുഴുവൻ വനിതകളെയും കുടുംബശ്രീയിൽ അംഗങ്ങളാക്കുക
- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ എല്ലാ സ്ത്രീകളെയും അംഗങ്ങളാക്കുക
- തൊഴിലും സ്ഥിര വരുമാനവും ഉറപ്പ് വരുത്തി സ്ത്രീ ശാക്തീകരണം ഉറപ്പ് വരുത്തുക
- നിയമ ബോധവൽക്കരണം, ഗൈഡൻസ്, കൗൺസിലിംഗ്, ജാഗ്രതസമിതി എന്നിവയിലൂടെ സ്ത്രീകളുടെയും കൗമാരക്കാരയ പെൺക്കുട്ടികളുടെയും ശാക്തീകരണം ഉറപ്പ് വരുത്തുക.
- സ്ത്രീ വിദ്യാഭ്യാസം ഊർജ്ജിതപ്പെടുത്തി ചൂഷണങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും മോചനം ഉണ്ടാക്കുക.

- പ്രതിരോധ കുത്തിവെപ്പുകളുടെ ആവശ്യകത, ആരോഗ്യമുള്ള വനിത, ആരോഗ്യമുള്ള ശിശു, ആരോഗ്യമുള്ള കുടുംബം എന്ന ആശയം യുവതികളിൽ സന്നിവേശിപ്പിക്കുന്നതിന് കൗൺസിലിംഗ് ഏർപ്പെടുത്തൽ
- രക്ഷിതാക്കളുടെ ബോധവൽക്കരണം
- തൊഴിൽ പരിശീലനവും തൊഴിൽ യൂണിറ്റുകളും ആരംഭിക്കൽ
- കൗമാര പ്രായ പെൺക്കുട്ടികൾക്ക് പോഷകാഹാര വിതരണം
- വിധവകൾ, വിവാഹ മോചിതർ, എന്നിവർക്ക് പ്രത്യേക ഭവന നിർമ്മാണം
- പാവപ്പെട്ട പെൺക്കുട്ടികൾക്ക് വിവാഹ ധനസഹായം
- ശാരീരിക മാനസിക ആരോഗ്യം നിലനിർത്തുന്നതിന് യോഗ, കരാട്ട പരിശീലനം
- മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം, എന്നിവക്കെതിരെ ബോധവൽക്കരണം
- സ്ത്രീകൾക്ക് പരമ്പരാഗത വ്യവസായങ്ങളിൽ പരിശീലനം
- പെൺക്കുട്ടികൾക്കായി വിദ്യാലയങ്ങളിൽ കൗൺസിംഗ്

8.ശിശുവികസനം

ഗ്രാമപഞ്ചായത്തിൽ അങ്കൺവാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ സ്വന്തമായി കെട്ടിടമുള്ളതും, ഇല്ലാത്തതുമായത് ഉണ്ട്. കെട്ടിടമുള്ള അങ്കണവാടികളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പോഷകഹാര വിതരണവും കൗമാരക്കാരായ പെൺക്കുട്ടികൾക്കും, ഗർഭിണികൾക്കും ബോധവൽക്കരണ ക്ലാസുകളും പോഷകാഹാരങ്ങളും നൽകി വരുന്നു.

മുൻഗണനകൾ

- സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കി കെട്ടിട നിർമ്മാണം നടത്തുക
- വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വാടക നൽകുക
- ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുന്നതിനെതിരെ ബോധവൽക്കരണം
- രോഗപ്രതിരോധ കുത്തിവെപ്പ്
- ആരോഗ്യ ബോധവൽക്കരണം അമ്മമാർക്കും യുവതികൾക്കു ഗർഭിണികൾക്കും
- അങ്കണവാടികൾ ആകർഷകമാക്കി ബേബി സൗഹൃദമാക്കാനുള്ള പ്രവർത്തനം

- എല്ലാ അങ്കണവാടികളിലും വൈദ്യുതി, പുകയില്ലാത്ത അടുപ്പ്
- മലിന്യ സംസ്ക്കരണത്തിനും ഗ്യാസ് അവശ്യത്തിനും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം

9.ആരോഗ്യം

പ്രാഥമിക ആരോഗ്യ കേന്ദ്രം കുന്നുംപുറം, ആയുർവേദ ആശുപത്രി മമ്പുറം, ഹോമിയോ ആശുപത്രി പുകയൂർ, ഹോമിയോ ഡിസ്പ്പെൻസറി കുന്നുംപുറം എന്നിവയാണ് പഞ്ചായത്തിലെ ചികിത്സാ സൗകര്യങ്ങൾ. കുന്നുംപുറം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സക്ക് സൗകര്യമുണ്ടെങ്കിലും ഡോക്ടർ, നഴ്സ് എന്നിവരുടെ തസ്തിക സൃഷ്ടിക്കാത്തത് ഇതിന് തടസ്സം നിൽക്കുന്നു. കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവെപ്പ് ജീവിതശൈലി രോഗങ്ങളുടെ വർദ്ധനവ് വർദ്ധിച്ച് വരുന്ന ഫാസ്റ്റ് ഫുഡ്, ലഹരി ആഭിമുഖ്യം ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത കുറവ് ശാസ്ത്രീയമായ അറവുശാലകളുടെയും, മാർക്കറ്റിന്റെയും അഭാവം, ഖരമാലിന്യ സംസ്കരണത്തിന് നിർവ്വാഹമില്ലാത്ത അവസ്ഥ, മഴക്കാലത്ത് വെള്ളം കെട്ടികിടക്കുന്ന അവസ്ഥ, ഓടകളുടെ അഭാവം എന്നിവ ആരോഗ്യ പ്രശ്നങ്ങളാണ്.

മുൻഗണനകൾ

- കുന്നുംപുറം പിഎച്ച് സിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി കിടത്തി ചികിത്സ ആരംഭിക്കൽ.
- സബ്സെന്റർ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുകയും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും ചെയ്യുക
- രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് മഴക്കാലത്തും അതിനും മുമ്പും മുൻഗണന
- നിത്യരോഗികൾക്കും, കിടപ്പിലായ രോഗികൾക്കും ഹോം കെയർ പരിചരണവും സൗജന്യ മരുന്ന വിതരണവും
- പരിചരണ സംവിധാനം ശക്തിപ്പെടുത്തൽ
- മാലിന്യ നിർമ്മാർജ്ജനത്തിന് ബയോഗ്യാസ് പ്ലാന്റ് ഹോട്ടലുകളിലും സ്ഥാപനങ്ങളിലും
- റസിഡൻഷ്യൽ അസോസിയേഷനുകൾ രൂപീകരിച്ച് ശുചിത്വ സംവിധാനം കാര്യക്ഷമമാക്കുക
- രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗപ്പെടുത്തുക

- ഫാസ്റ്റ് ഫുഡ്, ലഹരി പദാർത്ഥം ഇവക്കെതിരെ ബോധവൽക്കരണം
- സ്കൂൾ പരിസരത്ത് ഫാസ്റ്റ് ഫുഡും, ലഹരി പദാർത്ഥ വിൽപ്പനയും നിരോധിക്കുക.
- സ്കൂൾ അങ്കണവാടികൾ എന്നിവിടങ്ങളിൽ ഹെൽത്ത് കാർഡും ഹെൽത്ത് ചെക്കപ്പും
- അന്യ സംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ്
- ജലസ്രോതസ്സിലെ മാലിന്യങ്ങൾ നീക്കൽ
- ഹോട്ടലുകൾ, അറവുശാലകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന കടകൾ എന്നിവക്ക് ലൈസൻസ് നിർബന്ധമാക്കൽ
- ആരോഗ്യ ബോധവൽക്കരണം

10.കുടിവെള്ളം ശുചിത്വം

